

പതിനാറാം കേരളനിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-29)

ഒന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ടിലെ (കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ /നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

[2026 ഒക്ടോബർ മാസം 29-ാം തീയതി സഭയിൽ സമർപ്പിച്ചത്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-29)

ഒന്നാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ടിലെ (കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) ശിപാർശകളിന്മേൽ /നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന : v

മുഖവുര : vii

അദ്ധ്യായം I :

റിപ്പോർട്ട് :

അദ്ധ്യായം II :

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ :

അദ്ധ്യായം III :

മറുപടി ലഭിക്കേണ്ട ശിപാർശകളും അധികവിവരങ്ങളും :

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2026-2029)

ഘടന

ചെയർപേഴ്സൺ

ശ്രീ. വി. ടി. ബൽറാം

അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഒ. മോഹനൻ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. വി. കെ. സനോജ്

ശ്രീമതി രമ്യ ഹരിദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. വി. എ. റിജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ചിത്ര കെ. ഐ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി

മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2026-29)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)യുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് (കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്) 2021 ജനുവരി മാസം 20-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 107 ഖണ്ഡികകളിലായി ആകെ 46 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഇനിയും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകളും അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി.ടി. ബൽറാം,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 29

,

റിപ്പോർട്ട്

അദ്ധ്യായം I

പതിനാലാം കേരളനിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി (2019-21) യുടെ കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് 20.01.2021 ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 46 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് പ്രസ്തുത റിപ്പോർട്ട് 11.08.2021-ന് സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തിരുന്നു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 04.05.2022, 27.12.2022, 13.10.2023, 24.05.2024, 10.09.2024, 22.08.2025, 28.07.2026 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2019-21)-യുടെ കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II -ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം III -ലെ അധിക വിവരങ്ങളിന്മേലും ഇനിയും മറുപടി ലഭിക്കേണ്ട ശിപാർശകളിന്മേലും അനന്തരനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

അദ്ധ്യായം II

ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]

ശിപാർശ 1 (ഖണ്ഡിക 12)

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും മറ്റും താത്കാലിക, അഡ്ഹോക് വ്യവസ്ഥകളിൽ ജോലിചെയ്ത ജീവനക്കാരുടെ വേതന വിതരണം കാലവിളംബം കൂടാതെ നടത്തുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്

ജില്ലകളിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും NHM മുഖേന നിയമിച്ച എല്ലാ ജീവനക്കാരുടെയും ഒക്ടോബർ 31 വരെയുള്ള വേതന വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

ശിപാർശ 2 (ഖണ്ഡിക 14)

കോവിഡ് ഡ്യൂട്ടിയിലേർപ്പെടുന്ന ജീവനക്കാർക്ക് സൗജന്യ കോവിഡ് ചികിത്സ ലഭ്യമാക്കുന്നതിനും കോവിഡ് മൂലം മരണപ്പെടുന്ന ജീവനക്കാർക്ക് 50 ലക്ഷം രൂപയുടെ ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചതായി സമിതി മനസ്സിലാക്കുന്നു.

ഈ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നുണ്ടെന്നും, ഇൻഷ്വറൻസ് തുക കാലതാമസം കൂടാതെ അർഹരായവർക്ക് ലഭ്യമാകുന്നുണ്ടെന്നും, ഉറപ്പു വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്

കോവിഡ് ഡ്യൂട്ടിയിലേർപ്പെടുന്ന ആരോഗ്യ മേഖലയിലെ ജീവനക്കാരിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 50 ലക്ഷം രൂപയുടെ ഇൻഷുറൻസ് തുക ലഭിക്കുന്നതിലേയ്ക്കായി അതാത് ജില്ലാ മെഡിക്കൽ ആഫീസർമാർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ സ്വീകരിക്കുകയും ഇൻഷുറൻസ് തുക കാലതാമസം കൂടാതെ അർഹരായവർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി എൻ. എച്ച്. എം ന് കൈമാറുകയും പ്രസ്തുത തുക അനന്തരാവകാശികൾക്ക് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തവരുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

കോവിഡ് ഡ്യൂട്ടിയിലേർപ്പെടുന്ന ആരോഗ്യ മേഖലയിലെ ജീവനക്കാരിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുക സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

കോവിഡ് ബാധിച്ചോ, കോവിഡ് ഡ്യൂട്ടിയിൽ ഇരിക്കവെ അപകടം സംഭവിച്ചോ മരിക്കാനിടയായ സർക്കാർ/ സർക്കാർ നിയോഗിത കോവിഡ് ബ്രിഗേഡ് ആയ ആരോഗ്യ പ്രവർത്തകർക്ക് കേന്ദ്ര സർക്കാരിന്റെ "പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMGKP)" എന്ന ഇൻഷുറൻസ് പരിരക്ഷ 15.10.2022 വരെ പ്രാബല്യത്തിൽ ഉണ്ടായിരുന്നു. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ 28.03.2020-ലെ ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കിയ അപേക്ഷകർക്ക് ഇൻഷുറൻസ് തുകയായ അമ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

കോവിഡ് ഡ്യൂട്ടിയിലേർപ്പെട്ട് മരണമടഞ്ഞ ആരോഗ്യ മേഖലയിലെ ജീവനക്കാരുടെ ആശ്രിതർക്ക് നൽകിവരുന്ന ഇൻഷ്വറൻസ് തുക എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്ന കൃത്യമായ കണക്ക് സംബന്ധിച്ച വിശദമായ റിപ്പോർട്ട് വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

PMGKP പദ്ധതി വഴി കിട്ടിയ അപേക്ഷകൾ : 68 എണ്ണം

ഇൻഷുറൻസ് തുക (RS. 50 ലക്ഷം)

അനുവദിച്ചത് : 53 പേർക്ക്

ഇൻഷുറൻസ് തുക കിട്ടാനുള്ളത് : 6 അപേക്ഷകൾക്ക്

PMGKP പദ്ധതിയുടെ നിബന്ധനകൾക്ക് അനുസൃതമല്ലാത്ത അപേക്ഷകൾ : 9 എണ്ണം

ശിപാർശ 3 (ഖണ്ഡിക 19)

ഓരോ ടെസ്റ്റുകൾക്കും നിശ്ചിത തുക സർക്കാർ നിശ്ചയിച്ചിട്ടുള്ളത് കൃത്യമായി പാലിക്കപ്പെടുന്നുവെന്നും, സ്വകാര്യ ആശുപത്രികൾ അധിക തുക ഈടാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്നും, അധിക തുക ഈടാക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് 2018 സെക്ഷൻ 14 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് സമർപ്പിക്കുന്നതും ജില്ലാ മെഡിക്കൽ ഓഫീസർ ഏതെങ്കിലും സ്വകാര്യ ആശുപത്രി അമിത ചാർജ് ഈടാക്കിയ സ്ഥാപനത്തിൽ നിന്നും എത്ര തുകയാണോ അമിത ചാർജ് ഈടാക്കിയത് അതിന്റെ പത്ത് മടങ്ങ് തുക പിഴയായി ഈടാക്കുന്നതുമാണ്.

ശിപാർശ 5 (ഖണ്ഡിക 22)

തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പൂർണ്ണതോതിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

തിരുവനന്തപുരം തോന്നയ്ക്കലിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി 2020 ഒക്ടോബർ 15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഡയറക്ടർ ഉൾപ്പെടെ 5 ശാസ്ത്രജ്ഞർ, 7 ടെക്നിക്കൽ സ്റ്റാഫുകൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സെക്ഷൻ ഓഫീസർ, മറ്റ് അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾ എന്നിവരുടെ നിയമനം പൂർത്തിയായിട്ടുണ്ട്.

വൈറോളജിയിലെ വിവിധ മേഖലകളിൽ ഗവേഷണം നടത്താൻ ഇൻസ്റ്റിറ്റ്യൂട്ടിന് താഴെ പറയുന്ന എട്ട് വകുപ്പുകളുണ്ട്:

ക്ലിനിക്കൽ വൈറോളജി വകുപ്പ്

വൈറൽ ഡയഗ്നോസ്റ്റിക്സ് വകുപ്പ്

വൈറൽ വാക്സിനുകളുടെ വകുപ്പ്

ആന്റിവൈറൽ മരുന്ന് ഗവേഷണ വകുപ്പ്

വൈറസ് ആപ്ലിക്കേഷനുകളുടെ വകുപ്പ്

വൈറസ് എപ്പിഡെമിയോളജി, വെക്ടർ ഡൈനാമിക്സ് & പബ്ലിക് ഹെൽത്ത് വകുപ്പ്

വൈറസ് ജീനോമിക്സ്, ബയോ ഇൻഫോർമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

ജനറൽ വൈറോളജി വകുപ്പ്

ഇൻസ്റ്റിറ്റ്യൂട്ടിൽ, നിലവിൽ താഴെ പറയുന്ന ഗവേഷണ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്:-

1. Nanodrop
2. R.T. PCR Machine
3. Normal PCR Machine
4. Electrophoresis (Horizontal)
5. Electrophoresis (Vertical)
6. Gel Documentation System
7. CO2 Incubator
8. Electronic Balance
9. Water bath
10. Refrigerated microcentrifuge
11. Deep Freezer –200 degree celcius
12. Vacuum evaporator
13.Trans Illuminator
14. Inverted Phase Contrast Microscope
15. Magnetic Stirrer
16. Balances (5 numbers)
17. Water Purification System
18. Minus 80–degree deep freezer
19. Nucleic Acid Extraction Machine
20. BSL A2 Biosafety cabinet
21. Ice Flaking machine

Equipment (Purchase Under Process)

1. Inverted Florescent Microscope

2. Automated Nucleic Acid Sequencer

3. Multimode Plate Reader

4. Thermal Mixer

5. Gel Doc with chemiluminescence

6. Bacterial Incubator and shaker

7. BSL II B2 cabinet

8. Cryogenic Vessel

സാംക്രമിക വൈറസുകളെക്കുറിച്ചുള്ള പഠനവും ഗവേഷണവും സുഗമമാക്കുന്നതിന് ബി.എസ്.എൽ III സൗകര്യം സ്ഥാപിക്കുവാനായി താത്പര്യപത്രം ക്ഷണിക്കുകയും, സാങ്കേതിക വിവരണം രൂപീകരിക്കുന്നതിനായി വിദഗ്ധർ ഉൾപ്പെടുന്ന ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും ചെയ്തു. BSL III facility സ്ഥാപിച്ചതിനു ശേഷമുള്ള റെഗുലേറ്ററി സർട്ടിഫിക്കേഷനുകൾ ലഭിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ വേണ്ടതിനാൽ, ടെൻഡറിംഗ് പ്രക്രിയയ്ക്ക് പോകുന്നതിന് മുൻപ് സാങ്കേതിക വശങ്ങൾ സൂക്ഷ്മ പരിശോധന നടപടികൾ സ്വീകരിച്ചു വരികയാണ്.

2021-2024 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കാര്യപരിപാടിയായി താഴെപ്പറയുന്ന പ്രോജക്ടുകൾ വിഭാവനം ചെയ്ത് പ്രവർത്തനം തുടങ്ങി.

പ്രോഗ്രാം 1 - വൈറസുകൾക്കെതിരെ മോണോക്ലോണൽ ആന്റി ബോഡികളും ആന്റിവൈറൽ മരുന്നുകളുടെയും വികസനം.

പ്രോജക്ട് 1 - നിപ വൈറസ് അണുബാധയുള്ള ന്യൂട്രലൈസിംഗ്, ഡയഗ്നോസ്റ്റിക് മോണോക്ലോണൽ ആന്റിബോഡികളുടെ വികസനം.

പ്രോജക്ട് 2 - വൈറസ്-ഹോസ്റ്റ് പ്രോട്ടിയോം ഇടപടലകളെക്കുറിച്ചുള്ള പഠനങ്ങളും ഗുരുതരമായ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം കൊറോണ വൈറസ് 2 (SARS-CoV2) ന് എതിരായ ആന്റിവൈറൽ ടാർഗെറ്റുകൾ കണ്ടെത്തൽ.

പ്രോഗ്രാം 2 - ഉയർന്നുവരുന്ന വൈറസുകൾക്കെതിരെ ന്യൂക്ലിക് ആസിഡ്

അടിസ്ഥാനമാക്കിയുള്ള വാക്സിനുകളുടെ രൂപീകരണം.

പദ്ധതി – സിക്ക, ചിക്കുൻഗുനിയ വൈറസുകൾക്കുള്ള ഡി.എൻ.എ വാക്സിൻ വികസിപ്പിക്കൽ.

പ്രോഗ്രാം 3 – വൈറൽ രോഗ പരിശോധനയ്ക്കുള്ള നൂതന രോഗനിർണയ പ്ലാറ്റ്ഫോമുകളുടെ വികസനം.

പ്രോജക്ട് – കേരളത്തിൽ അക്യൂട്ട് ഫെബ്രൈൽ രോഗത്തിന് കാരണമാകുന്ന വൈറസുകളുടെ നൂതന രോഗനിർണയ പ്ലാറ്റ്ഫോമുകളുടെ വികസനം. നിലവിൽ, ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ആറ് ലാബുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അതിനൂതനവും വിലപിടിപ്പുള്ളതുമായ ഗവേഷണ ഉപകരണങ്ങൾ പൊതുവായ ഉപയോഗത്തിനായി Common Instrumentation Facility യിലാണ് സ്ഥാപിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയഗ്നോസ്റ്റിക് വിഭാഗത്തിന് കീഴിൽ, സമീപത്തെ ആശുപത്രികളിൽ നിന്നും ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുകയും ഡെങ്കി, ചിക്കൻഗുനിയ, സിക്ക എന്നീ രോഗങ്ങളുടെ നിരീക്ഷണ പരീക്ഷണങ്ങളും നടത്തി വരുന്നു. കൊതുകുജന്യ രോഗങ്ങളുടെ പരിശോധനകൾ നടത്തുകയും ആനുകാലിക റിപ്പോർട്ടുകൾ ജില്ലാ സർവൈലൻസ് യൂണിറ്റുകൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു. BSL – II & BSL–III വൈറസുകളുടെ പരിശോധനയ്ക്കുള്ള വിപുലമായ ഡയഗ്നോസ്റ്റിക് ലാബിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

ശിപാർശ 6 (ഖണ്ഡിക 23)

മാറി വരുന്ന സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആരോഗ്യ മേഖലയിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും തസ്തികകൾ പുന:ക്രമീകരിക്കുന്നതിനും കൂടുതൽ നിയമനങ്ങൾ നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്

സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി– ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയത് മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ച കൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചും അധിക തസ്തിക സൃഷ്ടിച്ചും ആരോഗ്യ കേന്ദ്രങ്ങളെ രോഗീ

സൗഹൃദമാക്കി ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായി മെഡിക്കൽ കോളേജിലും സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആരോഗ്യ വകുപ്പിന് കീഴിൽ ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാദമിക് നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

പി.എസ്.സി വഴിയുള്ള നിയമനം കൂടാതെ ദേശീയ ആരോഗ്യ ദൗത്യം (എൻ.എച്ച്.എം), ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/എച്ച്.ഡി.സി/എച്ച്.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, KASP എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേനയും ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്.

കേരളത്തിലെ എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങൾക്കും മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അത് പ്രകാരമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ചികിത്സ ഉറപ്പാക്കിയും ആണ് ആർദ്രം പദ്ധതി മുന്നോട്ട് പോകുന്നത്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അനിവാര്യമാണെന്ന്, ഗ്യാപ് അനാലിസിസ് നടത്തി, കണ്ടെത്തുന്ന തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോട് അവശ്യപ്പെടാൻ തീരുമാനിച്ചു.

1. 2019 മുതൽ 2024 വരെ കാലയളവിൽ ആരോഗ്യമേഖലയിൽ സൃഷ്ടിച്ച തസ്തികകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുക.

2. മൂന്നിൽ കൂടുതൽ ഡോക്ടർമാരുടെ തസ്തികയുള്ള എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്; പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ഡോക്ടർമാരുടെ തസ്തിക കുറവുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് പുനഃക്രമീകരണം നടത്താനുള്ള നടപടി സ്വീകരിക്കാത്തത്

എന്തുകൊണ്ടെന്നുള്ള വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുക.

3. ആശുപത്രി വികസന സമിതി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരെ കോവിഡ്-19 ന് ശേഷം പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ; അങ്ങനെയെങ്കിൽ അവർക്ക് പുനഃർനിയമനം നൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

4. ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ വകുപ്പ് സൃഷ്ടിക്കുന്ന തസ്തികകൾക്ക് പുറമെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ആവശ്യമെങ്കിൽ ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് പ്രോജക്ട് സമർപ്പിക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെ; പ്രോജക്ട് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുക.

5. ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യ വകുപ്പ് സൃഷ്ടിക്കുന്ന തസ്തികകൾക്ക് പുറമെ ഒരു തസ്തിക മാത്രം സൃഷ്ടിച്ചാൽ മതിയെന്ന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകാൻ സമിതി തീരുമാനിച്ചു.

ആശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണ വകുപ്പിനോട് ആരായുവാനും സമിതി തീരുമാനിച്ചു.

<u>സർക്കാരിൽ നിന്ന് ലഭിച്ച മറുപടി</u>

ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്

1. 2019 മുതൽ 2024 വരെ കാലയളവിൽ ആരോഗ്യ മേഖലയിൽ സൃഷ്ടിച്ച തസ്തകകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുക.

2019 മുതൽ 2024 വരെ ആരോഗ്യ വകുപ്പിന് കീഴിൽ വിവിധ വിഭാഗങ്ങളിലായി 1612 തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 3385 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-II)

2. മൂന്നിൽ കൂടുതൽ ഡോക്ടർമാരുടെ തസ്തികയുള്ള എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും ഡോക്ടർമാരുടെ തസ്തിക കുറവുള്ള കുടംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് പുന:ക്രമീകരണം നടത്താനുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടെന്നുള്ള വ്യക്തമായ

റിപ്പോർട്ട്.

194 കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് 3-ൽ കൂടുതൽ ഡോക്ടമാരുടെ തസ്തിക നിലവിലുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾ പരിവർത്തനം ചെയ്ത ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു.

3. ആശുപത്രി വികസന സമിതി താൽക്കാലികാടിസ്ഥാനത്തിൽ നീയമിച്ച ജീവനക്കാരെ കോവിഡ്- 19 നു ശേഷം പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ, അങ്ങനെയെങ്കിൽ അവർക്ക് പുനർനിയമനം നൽകികിട്ടുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ട്.

<u>തിരുവനന്തപുരം</u>

ജില്ലയിൽ താലൂക്ക് ആശുപത്രി ചിറയിൻകീഴ്, സാമൂഹികാരോഗ്യ കേന്ദ്രം മണനൂർ, പ്രാഥമികാരോഗ്യ കേന്ദ്രം ആമച്ചൽ എന്നീ സ്ഥപനങ്ങളിലാണ് covid-19 - മായി ബന്ധപ്പെട്ട് ആശുപത്രി വികസന സമിതി മുഖേന ജീവനക്കാരെ നിയമിച്ചിരുന്നത്. അവയിൽ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ സബ് സെന്ററിൽ നിയമിച്ച ജീവനക്കാരിൽ ഒരാൾ കോവിഡ് -19 ന് ശേഷം പിരിഞ്ഞ് പോവുകയും രണ്ടാമത്തെയാൾ ഹോണറേറിയം വ്യവസ്ഥയിൽ നഴ്സിങ് അസിസ്റ്റന്റായി ഇപ്പോഴും ജോലിയിൽ തുടരുകയും ചെയ്യുന്നു. സാമൂഹികാരോഗ്യ കേന്ദ്രം മണനൂർ, പ്രാഥമികാരോഗ്യ കേന്ദ്രം ആമച്ചൽ എന്നിവിടങ്ങളിൽ ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ കോവിഡിന് ശേഷം ഒഴിവാക്കിയിട്ടുണ്ട്. അവർക്ക് പുനർനിയമനം നൽകിയിട്ടില്ല.

<u>കൊല്ലം.</u>

ഗവ. വിക്ടോറിയ ആശുപത്രിയിൽ ആശുപത്രി വികസന സമിതി മുഖേന താത്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ച 10 ക്ലീനിംഗ് സ്റ്റാഫിനെ കോവിഡ് 19-ന് ശേഷം എച്ച് എം സി തീരുമാന പ്രകാരം പുനർനിയമനം നൽകിയിട്ടുണ്ട്.

<u>പത്തനംതിട്ട</u>

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ് 19 സമയത്ത് ആശുപത്രി വികസന

സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കോട്ടയം

കോട്ടയം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സമിതി മുഖേന കോവിഡ്- 19 സമയത്ത് നിയമിച്ച രണ്ട് ഡാറ്റാ എൻട്രി ജീവനക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

ആലപ്പുഴ

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

ഇടുക്കി

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

എറണാകുളം

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരിൽ രണ്ട് പേർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്.

തൃശ്ശൂർ

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

പാലക്കാട്

ജില്ലയിലെ സ്ഥാപനങ്ങളിലെ ആശുപത്രി വികസന സമിതി നിയമിച്ച ജീവനക്കാരെ കോവിഡ്- 19 ന് ശേഷം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

മലപ്പുറം

ജില്ലയിലെ സ്ഥാപനങ്ങളിലെ ആശുപത്രി വികസന സമിതി നിയമിച്ച ജീവനക്കാരെ കോവിഡ്- 19 ന് ശേഷം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

വയനാട്

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കോഴിക്കോട്

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കണ്ണൂർ

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

കാസർഗോഡ്

ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ കോവിഡ്- 19 സമയത്ത് ആശുപത്രി വികസന സമിതി മുഖേന നിയമിച്ച ജീവനക്കാരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(പിരിവ് 4, 5 എന്നിവയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.)

ശിപാർശ 7 (ഖണ്ഡിക 24)

സംസ്ഥാനത്തെ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനം കാര്യക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്

ആരോഗ്യ വകുപ്പിന് കീഴിലുള്ള കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നത് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ Pollution Control Board-ന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇമേജ് മുഖേനയാണ്. കൂടാതെ സർക്കാർ തീരുമാനം അനുസരിച്ച് KEIL എന്ന സ്ഥാപനത്തിന് എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിൽ നിന്നും ബയോ മെഡിക്കൽ മാലിന്യം ശേഖരിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഇമേജ്, KEIL എന്നീ ഏജൻസികൾ മുഖേന ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ബയോ മെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം സുഗമമായി നടന്നു വരുന്നു.

ശിപാർശ 8 (ഖണ്ഡിക 28)

ചെറുകിട ഇടത്തരം കർഷകർക്ക് വിപണിയും ന്യായവിലയും ഉറപ്പാക്കുന്നതിന് ഉത്പാദകരെയും ഉപഭോക്താക്കളെയും ബന്ധിപ്പിക്കുന്നതിനും പ്രാദേശിക വിപണികൾ കണ്ടെത്തുന്നതിനും സമഗ്രമായ ഒരു ഓൺലൈൻ സംവിധാനം ഒരുക്കുന്നതിന്റെ സാധ്യത പഠനവിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കൃഷി (എൻ. സി. എ) വകുപ്പ്

കേരളത്തിൽ നിലവിലുള്ള എല്ലാ മാർക്കറ്റുകളെയും കൂട്ടിയിണക്കി സംഭരണ വിപണനം ഏകോപിപ്പിക്കുന്നതിനോടൊപ്പം വിദൂരപ്രദേശത്തെ മാർക്കറ്റുകളെയും ഓൺലൈൻ വിപണന ശൃംഖലയിൽ കൊണ്ടുവരുന്ന അഗ്രി പ്ലാറ്റ്ഫോം ഇ-ട്രേഡിങ്ങ് ആന്റ് ബ്ലോക്ക് ചെയിൻ ഡാറ്റ മാനേജ്മെന്റ് എന്ന പദ്ധതി അടുത്ത സാമ്പത്തിക വർഷം "2435-01-800-99(P) Strengthening of Agriculture Marketing" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ 9 (ഖണ്ഡിക 29)

കോവിഡാനന്തര കാർഷിക പുനരുജ്ജീവന പാക്കേജിന് രൂപം നൽകി ചെറുകിട കർഷകർക്കും കാർഷിക വിപണന സംരംഭകർക്കും കൂടുതൽ മൈക്രോ ലോണുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കൃഷി (ഐ. എഫ്. എ) വകുപ്പ്

കോവിഡാനന്തര കാർഷിക പുനരുജ്ജീവനത്തിന്റെ ഭാഗമായി ചെറുകിട കർഷകർക്കും കാർഷിക വിപണന സംരംഭകർക്കും കൂടുതൽ മൈക്രോ ലോണുകൾ ലഭ്യമാക്കുന്നതിനായി വിവിധ വായ്പാ പദ്ധതികൾ കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ വ്യവസായത്തിലെ അസംഘടിത വിഭാഗത്തിൽ നിലവിലുള്ള വ്യക്തിഗത മൈക്രോ എന്റർപ്രൈസുകളുടെ മത്സര ശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യ വർദ്ധിത ഉൽപ്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 'കെ.വി. മൈക്രോഫുഡ് പ്രോസസിംഗ് പദ്ധതി' ആവിഷ്കരിക്കുകയും, ഇതിലൂടെ നാളിതുവരെ 181.51 ലക്ഷം രൂപയുടെ വായ്പാ വിതരണം നടത്തിയിട്ടുമുണ്ട്. ചെറുകിട കർഷകർക്ക് കാർഷിക മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള 'കെ.ബി. കിസാൻമിത്ര പദ്ധതി' പ്രകാരം (3 ലക്ഷത്തിന് മുകളിൽ) 24,734.90 ലക്ഷം രൂപയുടെ വായ്പ കാർഷിക മേഖലയിൽ ലഭ്യമാക്കിയിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് (VFPCK) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട കർഷകന് 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നതിനായി

'കെ.ബി.കിസാൻ മിത്ര (VFPCK) പദ്ധതി' ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 308.16 ലക്ഷം രൂപയുടെ വായ്പാ വിതരണം നടത്തിയിട്ടുണ്ട്. നബാർഡ് പിന്തുണയുള്ള വാട്ടർഷെഡ് വാഡി പ്രോജക്ട് മേഖലയിലെ സുസ്ഥിര സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക വരുമാനം കൂട്ടുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'കെ.ബി.വാഡി പദ്ധതി' പ്രകാരം 809.89 ലക്ഷം രൂപയുടെ വായ്പ വിതരണം ചെയ്തിട്ടുണ്ട്. സമൂഹത്തിലെ കർഷകരുടെ ഉന്നമനം, കാർഷികാഭിവൃദ്ധി, മൂല്യ വർദ്ധിത ഉൽപ്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കാർഷിക ഉൽപാദന സംഘടനകൾക്ക് (FPO) നൽകുന്നതിനായി 'KB-FPO' എന്ന പ്രത്യേക വായ്പാ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ശിപാർശ 10 (ഖണ്ഡിക 30)

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, പരമാവധി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഗുണകരമാംവിധത്തിലുള്ള കയറ്റുമതി മൂല്യമുള്ള വിളകൾ തെരഞ്ഞെടുത്ത് അവയുടെ ഉത്പാദന വിപണനത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കൃഷി (ഡബ്ലൂ. റ്റി. ഒ) വകുപ്പ്

കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി എന്ന പദ്ധതി 2020 നവംബർ ഒന്ന് മുതൽ പ്രാബല്യത്തിൽ വന്നു. ഈ പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 മാർക്കറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ചു വിപണനം നടത്തി വരുന്നു. സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ചചന്തകൾ വഴിയും 100 വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിക്കുവാൻ കർഷകന് സാധിക്കുന്നുണ്ട്.

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവയ്ക്കും സർക്കാർ സഹായം നല്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ പഴവർഗ്ഗ കൃഷി വികസനം എന്ന പദ്ധതിയിൽ കയറ്റുമതിക്ക് അനുയോജ്യമായ വാഴ, കൈതച്ചക്ക, മറ്റു പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി 300 ഹെക്ടർ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയരീതിയിലുള്ള വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾ നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ പച്ചക്കറി വികസന പദ്ധതിയിലൂടെ കയറ്റുമതി മൂല്യമുള്ളതും ഉത്തമ കൃഷി പരിപാലന മുറകൾ അനുവർത്തിച്ചുകൊണ്ടുമുള്ള 500 ഹെക്ടർ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, അതിലൂടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും, മണ്ണ് പരിപാലനം, കാർഷിക യന്ത്രവത്കരണം, കൃത്യതാ കൃഷി എന്നീ കൃഷി മുറകൾ അവലംബിക്കുന്നതിനായി പ്രസ്തുത പദ്ധതി ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്നു. കൂടാതെ 2021-2022 സാമ്പത്തിക വർഷത്തിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും എന്ന പദ്ധതി മുഖേന കർഷകർക്ക് ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ നടീൽ വസ്തുക്കൾ ലഭ്യമാകുന്നതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും കയറ്റുമതിക്ക് ആവശ്യമായ ഉല്പന്നങ്ങൾ ലഭ്യമാക്കുവാൻ സഹായകരമാകുകയും ചെയ്യുന്നു.

കാർഷിക കയറ്റുമതി നയത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഒന്നാണ് ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം പ്രസ്തുത ലക്ഷ്യം കൈവരിക്കാൻ ജൈവകൃഷി പദ്ധതി മുഖേന നടപ്പു സാമ്പത്തിക വർഷം ജൈവ കൃഷി ഉല്പന്നങ്ങൾ, പരമ്പരാഗത കൃഷി ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുകയും ജൈവ വിളകൾ നാടൻ കാർഷിക വിളകൾ എന്നിവയുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നത് വഴി കയറ്റുമതി സാധ്യത വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടു പദ്ധതി നടപ്പിലാക്കി വരുന്നു.

മാർക്കറ്റ് വികസനം എന്ന പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ കയറ്റുമതിയുമായി ബന്ധപ്പെട്ട് ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുമുള്ള ഒരു ഘടകത്തിനായി 25 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുമുണ്ട്.

കയറ്റുമതി ഉല്പന്നത്തിന്റെ സൂക്ഷിപ്പ് കാലാവധി വളരെ പ്രധാനപ്പെട്ടതാണ്. കയറ്റുമതിക്ക് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട ഉല്പന്നങ്ങളുടെ വിള പകുത 80%ത്തിൽ എത്തുമ്പോൾ വിളവെടുക്കേണ്ടതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് മാർക്കറ്റ് വികസനം പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.

ആർ.കെ.വി.വൈ-സീ ഷിപ്മെന്റ് പ്രോട്ടോക്കോൾ ഡവലപ്മെന്റ് ഓഫ് നേന്ത്രൻ ബനാന ടു യൂറോപ്പ് എന്ന പദ്ധതി മുഖേന നേന്ത്ര വാഴയുടെ വിപണന സാധ്യതകൾ വിശകലനം ചെയ്യാൻ ടിച്ചി ആസ്ഥാനമായ നാഷണൽ റിസേർച്ച് സെന്റർ ഫോർ ബനാന എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ കടൽ മാർഗ്ഗം കയറ്റി അയയ്ക്കുന്നതിനുള്ള പ്രോട്ടോക്കോൾ (സീ ഷിപ്മെന്റ് പ്രോട്ടോക്കോൾ) വികസിപ്പിച്ചതിനെ തുടർന്ന് കേരളത്തിൽ നിന്നും ലണ്ടനിലേക്ക് കടൽമാർഗ്ഗം 5460 മെട്രിക് ടൺ നേന്ത്ര വാഴ കയറ്റുമതി ചെയ്യാൻ സാധിച്ചു. കൂടാതെ 45 മെട്രിക് ടൺ വിവിധയിനം പച്ചക്കറികളും വാഴപ്പഴവും ദുബായ്, കുവൈറ്റ്, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലേക്ക് കടൽ മാർഗ്ഗം കയറ്റുമതി ചെയ്യുവാനും സാധിച്ചു.

വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും വിളവെടുപ്പാനന്തര നഷ്ടങ്ങൾ കുറക്കുന്നതിനായി നിലവിൽ തൃശ്ശൂർ, വയനാട് ജില്ലകളിൽ പാക്ക് ഹൗസുകൾ നിർമിച്ചിട്ടുണ്ട്. പ്രസ്തുത പാക്ക് ഹൗസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ കയറ്റുമതിക്കുള്ള ഉൽപ്പന്നങ്ങൾ കാര്യക്ഷമമായി തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തിവരുന്നു. ഇത് കൂടാതെ കയറ്റുമതിക്കായി ലഭിക്കുന്ന ഓർഡറുകൾ കൃത്യമായി പ്രയോജനപ്പെടുത്തുന്നതിനായി ഗുണനിലവാരമുള്ളതും തടസ്സം കൂടാതെയും തുടർച്ചയായും ഉത്പന്നങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഇതിന്റെ ആവശ്യകത മനസ്സിലാക്കി കൃഷിചെയ്യേണ്ടതിന്റെയും കയറ്റുമതിയുടെ വിവിധ വശങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനായി ഉല്പാദകർ, എക്സ്പോർട്ടേഴ്സ്, ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലന

പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പഴം പച്ചക്കറികളുടെ വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. നിലവിൽ കർഷകരിൽ നിന്ന് വാഴപ്പഴം നേരിട്ട് സംഭരിച്ചു പ്രാഥമിക സംസ്കരണത്തിന് ശേഷം എക്സ്പോർട്ടേഴ്സിന് കൈമാറുന്നതിലൂടെ ഉല്പാദകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുവാനും സാധിക്കുന്നു. കൂടാതെ താപനില ക്രമീകരിക്കാവുന്ന റീഫർ വാനുകളുടെ സഹായത്തോടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ നിലനിർത്തി ട്രാൻസ്പോർട്ട് ചെയ്യുവാനും കഴിയുന്നു.

അഗ്രികൾച്ചർ എക്സ്പോർട്ട് പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്റ്റേറ്റ് നോഡൽ ഏജൻസിയാണ് വി.എഫ്.പി.സി.കെ. ഈ പോളിസിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ബനാന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും പ്രസ്തുത ക്ലസ്റ്ററുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഴ കർഷകരെ എഫ്.പി.ഒയുടെ കീഴിൽ സംഘടിപ്പിക്കുകയും കയറ്റുമതി അധിഷ്ഠിത ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വിളവെടുപ്പാനന്തര നഷ്ടങ്ങൾ കുറയ്ക്കുന്നതിനും ഓരോ ക്ലസ്റ്ററുകളും അവർക്ക് അനുയോജ്യമായ അടിസ്ഥാന സൗകര്യവികസനങ്ങൾ നടപ്പിലാക്കി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ കയറ്റുമതിക്കായി സജ്ജമാക്കുകയും ചെയ്യുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെപ്പോലെ മറ്റു ജില്ലകളിലും ബനാന ക്ലസ്റ്ററുകൾ രൂപീകരിക്കാത്തതിന്റെ കാരണമെന്താണെന്ന് വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടി
കൃഷി (ഡബ്ലൂ. റ്റി. ഒ) വകുപ്പ്

അഗ്രിക്കൾച്ചർ എക്സ്പോർട്ട് പോളിസിയുടെ ഭാഗമായി സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംസ്ഥാന നോഡൽ ഏജൻസിയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൈമോഷൻ കൗൺസിൽ, കേരള (വി.എഫ്.പി.സി.കെ). കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ Implementation of Agriculture Export Policy (AEP)-യിൻ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ അപേഡ (APEDA) നിർദ്ദേശ പ്രകാരമാണ് തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിൽ ബനാന ക്ലസ്റ്ററുകൾ ആരംഭിച്ചത്. ബനാന ക്ലസ്റ്ററുമായി

ബന്ധപ്പെട്ട് വിവിധ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO) പ്രവർത്തിച്ചു വരുന്നു. പ്രസ്തുത FPO-കൾ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്കിലും തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, ഇരിങ്ങാലക്കുട, കൊടകര ബ്ലോക്കുകളിലും, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്കിലുമായി 908 കർഷകരെ ഉൾപ്പെടുത്തി പ്രവർത്തിക്കുന്നു.

ബനാന മൂല്യശൃംഖലയിൽ ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രേയ്സബിലിറ്റി സംയോജിപ്പിച്ച് ക്യുആർ.കോഡ് ചെയ്ത ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ തൃശ്ശൂർ, വയനാട് ജില്ലകളിലെ ക്ലസ്റ്ററിലെ കർഷകർക്ക് വിപണനം ചെയ്യുവാൻ സാധിച്ചു. കയറ്റുമതിയ്ക്കായി ഉൽപ്പന്നങ്ങൾ തയ്യാറാക്കുമ്പോൾ ഉണ്ടാകാവുന്ന വിളവെടുപ്പാനന്തര നഷ്ടങ്ങൾ കുറയ്ക്കുന്നതിനും ഉൽപ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണം ഉറപ്പാക്കുന്നതിനുമായി തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്കിലും തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര ബ്ലോക്കിലും പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

അഗ്രിക്കൾച്ചർ എക്സ്പോർട്ട് പോളിസി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബനാന ക്ലസ്റ്ററിന്റെ നടത്തിപ്പിനായി 207 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടതിൽ ബജറ്റ് പ്രൊപ്പോസൽ പ്രകാരം കാര്യക്ഷമതാ പരിപോഷണം (Capacity Building) എന്ന ഘടകത്തിനു മാത്രം 10 ലക്ഷം രൂപ അംഗീകരിക്കുകയും അതനുസരിച്ച് കർഷകർക്കും ഉദ്യോഗസ്ഥർക്കും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിനും വിവിധ സംസ്ഥാന കേന്ദ്ര ഏജൻസികളെ (MANAGE, IIPM, IIHR) ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ചെയ്തു. ടി പ്രൊപ്പോസലിലെ മറ്റ് ഘടകങ്ങൾക്ക് അനുമതി ലഭിക്കാത്തതിനാലാണ് മറ്റ് ജില്ലകളിൽ കൂടി ബനാന ക്ലസ്റ്റർ വ്യാപിപ്പിക്കുവാൻ സാധിക്കാത്തത് എന്നും കൃഷി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശ 11 (ഖണ്ഡിക 32)

സുഭിക്ഷകേരളം പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ സമഗ്ര പങ്കാളിത്തം ഉറപ്പാക്കണമെന്നും, കുടുംബശ്രീകൾക്കുകീഴിൽ തദ്ദേശ കാർഷിക യൂണിറ്റുകൾ രൂപീകരിക്കണമെന്നും, കൃഷിഭവനുകളുടെ പങ്കാളിത്തത്തോടെ വിളകൾ തെരഞ്ഞെടുത്ത് ആസൂത്രിതമായ കാർഷിക മാതൃകകൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (പി. ബി) വകുപ്പ്

സുഭിക്ഷ കേരളം പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ സമഗ്ര പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം ഭക്ഷ്യോൽപ്പാദന വർദ്ധനവിനുള്ള മഹായജ്ഞം മാർഗ്ഗരേഖക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സർക്കാർ ഉത്തരവ് (കൈ) നം.14/2020 ആ.സാ.വ. തീയതി 18.05.2020). പ്രസ്തുത മാർഗ്ഗരേഖ ക്രമ നം 5.2 -ൽ "കൃഷി ഓഫീസർമാരുടെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ കൃഷി സംബന്ധിച്ച അറിവ്

കർഷകർക്ക് നൽകുന്നതാണ്. ആധുനിക സമ്പ്രദായങ്ങൾക്കൊപ്പം പാരമ്പരാഗതമായ നാട്ടറിവുകളുടെ സാധ്യതകളും കൃഷിയിൽ ഉപയോഗിക്കേണ്ടതാണ്." എന്ന ഉത്തരവ് ഇതിനകം നൽകിയിട്ടുണ്ട്.

ശിപാർശ 12 (ഖണ്ഡിക 34)

ഉത്പാദന വർദ്ധനവ് ലക്ഷ്യം വെക്കുമ്പോൾ സംഭരണ കേന്ദ്രങ്ങളുടെ അഭാവത്താലും, അപര്യാപ്തതയാലും, ധാന്യങ്ങളും വിളകളും നശിച്ചു പോകാനിടവരാതിരിക്കുന്നതിന്, സാങ്കേതിക മികവോടെയുള്ള കൂടുതൽ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (പി. യു) വകുപ്പ്

സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ ഗോഡൗണുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്.

സ്ഥലം / വെയർ ഹൗസ്	സംഭരണ ശേഷി (മെട്രിക് ടൺ)
തലശ്ശേരി	1255
കൊഴിഞ്ഞാംപാറ	2570
മുതലമട	3960
മാവേലിക്കര	1435
ഹരിപ്പാട്	2970
ശാസ്താംകോട്ട	1875

കൂടാതെ പാട്ടവ്യവസ്ഥയിൽ ലഭിച്ച പെരിയ, അമ്പലവയൽ, വേങ്ങേരി, പെരുമ്പാവൂർ, പുത്തൻകുരിശ്, പീരുമേട്, കോന്നി എന്നീ റവന്യൂ ഭൂമികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശിപാർശ 13 (ഖണ്ഡിക 35)

സംസ്ഥാനത്തെ കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ റൂഫ് ടോപ്പ് ഫാമിംഗിന്റെ സാധ്യതകൾ തദ്ദേശീയമായി വിലയിരുത്തി അനുയോജ്യമായ വിത്തിനങ്ങളും ഗ്രോ ബാഗുകളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ജനങ്ങളിൽ റൂഫ് ടോപ്പ് ഫാമിംഗിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഊർജ്ജിതമായി ആവിഷ്കരിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കൃഷി (പി. ബി) വകുപ്പ്

കോവിഡ് പശ്ചാത്തലത്തിൽ ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളെക്കാൾ ശുദ്ധവും സുരക്ഷിതവുമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനും കാർഷിക സംസ്കാരത്തെ ഉത്തേജിപ്പിക്കുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് വളരെ പ്രാമുഖ്യം നൽകി വരുന്നു.

സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി 'മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികളും കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. നഗര പ്രദേശത്തെ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾക്ക് 75% സബ്സിഡിയോട് കൂടി പരമാവധി ഒരു യൂണിറ്റിന് 7500/- രൂപ ധനസഹായം നൽകി വരുന്നു.

നഗര പ്രദേശങ്ങളിൽ വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്കയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കൃഷി (ഫാംസ്) വകുപ്പ്

കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ

തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു ചെറിയ കുടുംബത്തിന് പച്ചക്കറികളിൽ സ്വയംപര്യാപ്തത നേടുവാൻ ഉതകുന്നതരത്തിൽ "ന്യൂട്രിഗാർഡൻ മൈക്രോ കിറ്റ്" കർഷകർക്കായി തയ്യാറാക്കി. വിവിധ ഇനം പച്ചക്കറി തൈകൾ, അവശ്യാവശ്യമായ സൂഡോമോണാസ്, സൂക്ഷ്മമൂലകങ്ങളടങ്ങിയ സമ്പൂർണ,

ജൈവ കീടനാശിനിയായി ശ്രേയ എന്നിവയും, തൈകൾക്ക് അവയുടെ വളർച്ചാകാലത്തേയ്ക്ക് ആവശ്യമായ അളവിൽ ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച വേപ്പിൻ പിണ്ണാക്ക് ചാണകമിശ്രിതവും ഈ കിറ്റിൽ അടങ്ങിയിട്ടുണ്ട്. ഇവ കൃഷി ചെയ്യുവാൻ ഉള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു ലഘുരേഖയും കർഷകരുടെ സഹായത്തിന് കിറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഗാർഹികതലത്തിൽ പച്ചക്കറി കൃഷി വ്യാപനവും സ്വയംപര്യാപ്തതയും ലക്ഷ്യമാക്കി, പച്ചക്കറി കൃഷി ചെയ്യാൻ സ്ഥലപരിമിതിയുള്ളവർക്ക് വേണ്ടി ഭക്ഷ്യ സുരക്ഷയും പോഷക സുരക്ഷയും ഉറപ്പുവരുത്താൻ "ന്യൂട്രിഗാർഡൻ മൈക്രോ കിറ്റ്" ഉപകാരപ്പെടുന്നു.

കൃഷി വിജ്ഞാന കേന്ദ്രം, കോട്ടയം

സുരക്ഷിത പച്ചക്കറി കൃഷിക്കാവശ്യമുള്ള വിവിധങ്ങളായ ജൈവ കുമിൾനാശിനികൾ, ജൈവ കീടനാശിനികൾ, ജൈവ ജീവാണു വളങ്ങൾ, പച്ചക്കറി വിത്തുകൾ എന്നിവ കർഷകർക്ക് ലഭ്യമാക്കി കൊടുത്തു. വീട്ടുവളപ്പിലെയും-മട്ടുപ്പാവിലെയും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാൻ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

കൃഷി വിജ്ഞാന കേന്ദ്രം, വയനാട്

വയനാട്ടിൽ റൂഫ് ടോപ്പ് കൃഷി അത്ര വ്യാപകമല്ല. എന്നിരുന്നാലും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നടത്തുന്നുണ്ട്. ഇത് കൂടാതെ സംയോജിത കൃഷി സമ്പ്രദായം വിപുലീകരിക്കുന്ന പരിപാടികൾ കെ.വി.കെ. നടപ്പിലാക്കി വരുന്നു. കുടുംബശ്രീ യൂണിറ്റുകളുടെ ജെ.എൽ.ജി ഗ്രൂപ്പിനായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും പോഷകാഹാര തോട്ടപരിപാലനവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ നൽകുകയുണ്ടായി. ആയതിനാൽ റൂഫ് ടോപ്പ് കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ട്രെയിനിംഗ് നൽകാൻ ശ്രമിക്കുന്നതാണ്.

കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി

ക്രമ നം.	പരിശീലനത്തിന്റെ പേര്	പരിശീലനാർത്ഥികളുടെ എണ്ണം	സ്ഥലം	തീയതി
1	ഒല്ലൂർ കൃഷി സമൃദ്ധി - വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷിത പച്ചക്കറി കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കർഷക കൂട്ടായ്മകളുടെ പ്രതിനിധികൾക്കായി നടത്തിയ പ്രായോഗിക പരിശീലന പരിപാടി	14	കമ്മ്യൂണിക്കേഷൻ സെന്റർ	13.07.2020
2	ഒല്ലൂർ കൃഷി സമൃദ്ധി - വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷിത പച്ചക്കറി കൃഷിയുടെ ശാസ്ത്രീയ	16	കമ്മ്യൂണിക്കേഷൻ സെന്റർ	14.07.2020

	വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കർഷക കൂട്ടായ്മകളുടെ പ്രതിനിധികൾക്കായി നടത്തിയ പ്രായോഗിക പരിശീലന പരിപാടി.			
3	ഒല്ലൂർ കൃഷി സമൃദ്ധി – വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷിത പച്ചക്കറി കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കർഷക കൂട്ടായ്മകളുടെ പ്രതിനിധികൾക്കായി നടത്തിയ പ്രായോഗിക പരിശീലന പരിപാടി	17	കമ്മ്യൂണിക്കേഷൻ സെന്റർ	15.07.2020
4	ഒല്ലൂർ കൃഷി സമൃദ്ധി വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷിത പച്ചക്കറി കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കർഷക കൂട്ടായ്മകളുടെ പ്രതിനിധികൾക്കായി നടത്തിയ പ്രായോഗിക പരിശീലന പരിപാടി	9	കമ്മ്യൂണിക്കേഷൻ സെന്റർ	16.07.2020
5	ഒല്ലൂർ കൃഷി സമൃദ്ധി വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി സുരക്ഷിത പച്ചക്കറി കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ കർഷക കൂട്ടായ്മകളുടെ പ്രതിനിധികൾക്കായി നടത്തിയ പ്രായോഗിക പരിശീലന പരിപാടി	18	കമ്മ്യൂണിക്കേഷൻ സെന്റർ	17.07.2020
6	മഴക്കാല പച്ചക്കറി കൃഷി	–	ഓൺലൈൻ	26.05.2021
7	ജൈവവളങ്ങളും അവയുടെ ഉപയോഗവും	–	ഓൺലൈൻ	04.06.2021

സെൻട്രൽ ടെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി

സുരക്ഷിത പച്ചക്കറി കൃഷി റൂഫ് ടോപ്പ് ഫാമിംഗുമായി ബന്ധപ്പെട്ട യാതൊരു പരിശീലനപരിപാടികളും 2019–21 കാലയളവിൽ ഈ സ്റ്റേഷനു കീഴിൽ നടന്നിട്ടില്ല. സുരക്ഷിത പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട 2019–21 കാലയളവിൽ നടന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്	ഫണ്ടിംഗ് ഏജൻസി
1	സുരക്ഷിത പച്ചക്കറി കൃഷി	റിവോൾവിംഗ് ഫണ്ട്
2	എസ്.ടി.ആർ.വൈ–ഐ.പി.എം. പച്ചക്കറികൾ	ആത്മ, തൃശ്ശൂർ
3	എസ്.ടി.ആർ.വൈ–ഐ.പി.എം. പച്ചക്കറികൾ	ആത്മ, പാലക്കാട്
4	എസ്.ടി.ആർ.വൈ–ഐ.പി.എം. പച്ചക്കറികൾ	ആത്മ, തിരുവനന്തപുരം
5	പ്ലാന്റ് പ്രൊപ്പഗേഷനും നഴ്സറി മാനേജ്മെന്റും	റിവോൾവിംഗ് ഫണ്ട്
6	ഹൈടെക് കിച്ചൺ ഗാർഡൻ	സി. ടി. ഐ. സ്റ്റേറ്റ് പ്ലാൻ പ്രോജക്ട്
7	അക്വാപോണിക്സ്	
8	ഹൈഡ്രോപോണിക്സ്	
9	പച്ചക്കറി തൈ ഉത്പാദനം, ഹൈടെക് പ്രചരണം, പച്ചക്കറികളിൽ സങ്കരവൽക്കരണം	
10	പച്ചക്കറി തൈ ഉത്പാദനവും, ഗ്രാഫ്റ്റിംഗ് വിദ്യകളും	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, വെള്ളാങ്ങല്ലൂർ.
11	ജൈവ പച്ചക്കറി ഉത്പാദനം	സി. ടി. ഐ സ്റ്റേറ്റ് പ്ലാൻ പ്രോജക്ട്
12	ഹൈടെക് കിച്ചൺ ഗാർഡൻ	റിവോൾവിംഗ് ഫണ്ട്.
13	ഹൈഡ്രോപോണിക്സ്	
14	അക്വാപോണിക്സ്	
15	ജൈവ പച്ചക്കറി ഉത്പാദനം	സി. ടി. ഐ സ്റ്റേറ്റ് പ്ലാൻ പ്രോജക്ട്
16	സുരക്ഷിത പച്ചക്കറി കൃഷി	ആത്മ, പാലക്കാട്
17	ജൈവ പച്ചക്കറി ഉത്പാദനം	സി. ടി. ഐ സ്റ്റേറ്റ് പ്ലാൻ പ്രോജക്ട്
18	ഹൈടെക് കിച്ചൺ ഗാർഡൻ	റിവോൾവിംഗ് ഫണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളേക്കാൾ ശുദ്ധവും സുരക്ഷിതവുമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും കാർഷിക സംസ്കാരത്തെ ഉത്തേജിപ്പിക്കുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് വളരെ പ്രാമുഖ്യം നൽകി വരുന്നു.

സ്ഥല പരിമിതിയുള്ള നഗര പ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ, സസ്യസംരക്ഷണ ഉപാധികളും കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. നഗര പ്രദേശത്തെ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട തുള്ളിനന/തിരിനന യൂണിറ്റുകൾക്ക് 75% സബ്സിഡിയോട് കൂടി പരമാവധി ഒരു യൂണിറ്റിന് 7500/- രൂപ ധനസഹായം നൽകി വരുന്നു.

നഗര പ്രദേശങ്ങളിൽ വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച്, സ്ഥലപരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

ശിപാർശ 14 (ഖണ്ഡിക 37)

ജൈവഗൃഹം പദ്ധതിയുടെ ഗുണഫലം പരമാവധി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സംരംഭകത്വ പ്രോത്സാഹന സെമിനാറുകളും ബോധവൽക്കരണക്ലാസ്സുകളും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (ഇബി) വകുപ്പ്

സുഭിക്ഷ കേരളം പദ്ധതിയുടെ ഗുണഫലം പരമാവധി കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേന ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എഫ്.എം.സ്റ്റേഷൻ, കമ്മ്യൂണിറ്റി റേഡിയോകൾ വഴി ആവശ്യമായ പ്രചാരണം നടത്തുകയുണ്ടായി (6 ദിവസ ക്യാമ്പയിൻ– 27.06.2020 മുതൽ 02.07.2020 വരെ)
2. ഷോർട്ട് വീഡിയോകൾ തയ്യാറാക്കി പ്രചരണം നടത്തി.
3. സോഷ്യൽ മീഡിയ പോസ്റ്റർ തയ്യാറാക്കി പ്രചരണം നടത്തി.
4. സുഭിക്ഷ കേരളം പദ്ധതിയുടെ ലോഗോ 2020 മേയ് മാസം തയ്യാറാക്കി.
5. വിവിധ സർക്കാർ പദ്ധതികളുടെ പരിപാടികളിൽ വിവിധ വലുപ്പത്തിലുള്ള ബാനർ, നോട്ടീസ്, ബോർഡ് എന്നിവ പ്രദർശിപ്പിച്ചു.
6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കാർഷിക പരിപാടികളായ ഞാറ്റുവേല(ശ്രവ്യം), നൂറു മേനി (ദൃശ്യം) വഴി പരിപാടികൾ തയ്യാറാക്കി പ്രക്ഷേപണം (ടെലികാസ്റ്റ്) ചെയ്തു.
7. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കാർഷിക വാർത്താ പരിപാടിയായ ഫാം ന്യൂസ് വഴി പ്രചരണം നടത്തി.
8. പദ്ധതി സംബന്ധിച്ച വാർത്തകൾ ക്രോഡീകരിച്ച് അതാത് ദിവസങ്ങളിൽ പത്രങ്ങളിൽ നൽകി.
9. പദ്ധതി സംബന്ധിച്ച ഉദ്ഘാടനങ്ങളുടെയും മറ്റ് പരിപാടികളുടെ ഫോട്ടോകൾ, വീഡിയോ കവറേജുകൾ വിദഗ്ധ രീതിയിൽ എടുത്ത് പ്രചരണം നടത്തി.
10. സുഭിക്ഷ കേരളം പദ്ധതിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി ബുക്ക്‌ലെറ്റ് തയ്യാറാക്കി വിതരണം ചെയ്തു.
11. പ്രദർശന പരിപാടികളിൽ പരസ്യപ്രചരണം നടത്തി
12. വിവിധ ചാനലുകൾ വഴി പരസ്യപ്രചരണം നടത്തി
13. തൃശ്ശൂരിൽ വെച്ച് നടന്ന വൈഗ 2020 ൽ പദ്ധതിയ്ക്ക് നല്ല പ്രചരണം നൽകി

14. 2020-21 ൽ നടന്ന 18-ാളം ഉദ്ഘാടന പ്രദർശന പരിപാടികളിൽ പ്രചരണം നടത്തി.
15. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മാസികകളായ കേരള കർഷകൻ, കേരള കർഷകൻ ഇ-ജേർണൽ, ഹരിതദളം എന്നിവ വഴി പരസ്യവും, ലേഖനങ്ങളിൽ കൂടി പ്രചരണവും നടത്തി.
16. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ 2021-22 വർഷത്തെ ലീഫ് ലെറ്റുകൾ, ബുക്ക് ലെറ്റുകൾ എന്നിവയിൽ വേണ്ട പരസ്യപ്രചരണം നടത്തി.
17. സുഭിക്ഷ കേരളം, ജീവനി മാർക്കറ്റുകൾക്ക് പൊതുവായ ഡിസ്പ്ലെ ബോർഡ് ഡിസൈൻ ചെയ്ത് ജൂലൈ 2020-ന് ഡയറക്ടറേറ്റിൽ കൈമാറി
18. സുഭിക്ഷ കേരളത്തിന്റെ ഭാഗമായുള്ള കൃഷി, പാഠശാല, ജൈവഗൃഹം പദ്ധതികൾക്ക് ഒക്ടോബർ 2020-ൽ പൊതുവായ ഡിസ്പ്ലെ ബോർഡ് ഡിസൈൻ ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരം

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ വിശദാംശങ്ങൾ കൂടി ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

സർക്കാരിൽ നിന്ന് ലഭിച്ച മറുപടി
കൃഷി (ഇബി) വകുപ്പ്

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ കാർഷിക സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'.

ഒരു തുടർ പദ്ധതിയായി ആരംഭിച്ച ഈ പദ്ധതിയിൽ കൂടി കേരളത്തിൽ ഏറ്റവും കുറഞ്ഞത് 10,000 കാർഷിക ഗ്രൂപ്പുകൾ ഉൽപ്പാദന മേഖലയിലും സംഭരണ, വിപണന, കാർഷിക, സഹായ മേഖലയിലും മൂല്യവർദ്ധനവ് മേഖലകളിലുമായി രൂപീകരിച്ച് കേരളത്തിന്റെ കാർഷിക മേഖല ശക്തമാക്കി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

സാധ്യമായ എല്ലാ സ്ഥലത്തും കൃഷി വ്യാപിപ്പിക്കുക എന്ന ഉദ്ദേശത്തോടെ വാർഡ് തലങ്ങളിൽ നിന്നും ആരംഭിക്കുന്ന പദ്ധതി, ആസൂത്രണം, വിഭവ സമാഹരണം, വിത്ത് മുതൽ വിപണി വരെയുള്ള പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഗ്രൂപ്പടിസ്ഥാനത്തിൽ ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയിലെ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി ഉൽപ്പാദനം, മൂല്യവർദ്ധനവ്, സേവന മേഖലകളിൽ കൃഷി കൂട്ടങ്ങൾ രൂപീകരിച്ചു. കാർഷിക ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ് ഉൽപ്പാദനമേഖലയിലെ കൃഷിക്കൂട്ടത്തിന്റെ ചുമതല. ടി കൃഷിക്കൂട്ടങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തയ്യാറാക്കി നൽകുക എന്നുള്ളതാണ് സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളുടെ ചുമതല. ഉൽപ്പാദന മേഖല കൃഷിക്കൂട്ടങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നതാണ് മൂല്യവർദ്ധിത മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്കുള്ളത്. മൂല്യ വർദ്ധിത മേഖലയിലെ 1000 കൃഷിക്കൂട്ടങ്ങൾക്കും സേവനമേഖലയിലെ 200 കൃഷിക്കൂട്ടങ്ങൾക്കും 50,000/- രൂപ നിരക്കിൽ (അമ്പതിനായിരം രൂപ) വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് അനുവദിച്ചിരുന്നു. കൂടാതെ സേവനമേഖലയിലെ 200 കൃഷിക്കൂട്ടങ്ങൾക്ക് 2,66,79,066/- (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുപത്തിയാറ് രൂപ) രൂപയ്ക്കുള്ള 479 എണ്ണം മെഷിനറികൾ വിതരണം ചെയ്തു.

ഇപ്രകാരം രൂപീകൃതമായ കൃഷിക്കൂട്ടങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മൂല്യ വർദ്ധനവിലൂടെ കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യം വെച്ച് 100 Farmers Producer Organisation (FPO) കൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 2022-2023 സാമ്പത്തിക വർഷത്തിൽ FPO-കൾക്കുള്ള ധനസഹായമായി 1,88,28,016/- രൂപയും (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി പതിനാറ് രൂപ) 2023-2024 സാമ്പത്തിക വർഷത്തിൽ FPO-കൾക്കുള്ള ധനസഹായമായി 3,12,76,304/- രൂപയും (മൂന്ന് കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി മുന്നൂറ്റി നാല് രൂപ) അനുവദിച്ചു.

പ്രാദേശികമായി അനുയോജ്യമായ വിളകളെ അടിസ്ഥാനപ്പെടുത്തി കൃഷിയും കാർഷിക ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും നടന്നുവരുന്നു. ബ്രാൻഡിംഗിലൂടെ

ഈ ഉത്പന്നങ്ങളെ KABCO മുഖാന്തിരം അന്താരാഷ്ട്രവിപണിയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യ നടപ്പിലാക്കിയിട്ടുള്ളത്. ഇതിനായി ശാസ്ത്രീയമായ പ്രോജക്ടുകൾ ആസൂത്രണം ചെയ്യ തയ്യാറാക്കുന്നതിലേക്ക് ധനസഹായം നൽകുകയും 100 എണ്ണം DPR ക്ലിനിക്കുകൾ സംഘടിപ്പിക്കുകയും ഇതിൽ നിന്നും ഗുണമേന്മയുള്ളതും സംരംഭകത്വ സ്വഭാവമുള്ളതുമായ 1034 പ്രോജക്ടുകൾ തയ്യാറാക്കപ്പെടുകയും ചെയ്യ.

"ഞങ്ങളും കൃഷിയിലേക്ക്" നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. എല്ലാ ജില്ലകളിലും അവബോധ ക്ലാസ്സുകൾ, ക്യാമ്പയിന്റെ പ്രചരണാർത്ഥം വിളംബര ജാഥ, വിത്തു വണ്ടി യാത്ര, കലാജാഥ, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് കാർഷിക ക്വിസ് പരിപാടികൾ, കൃഷിയുമായി ബന്ധപ്പെട്ട കുട്ടികൾക്കുള്ള ചിത്ര രചന മത്സരങ്ങൾ, നഗര പ്രദേശങ്ങളിൽ ഫ്ലാഷ് മോബ് എന്നിവ സംഘടിപ്പിച്ചിരുന്നു. ഇതിലൂടെ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, യുവജനങ്ങൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമാക്കാൻ കഴിഞ്ഞു. കൂടാതെ കർഷകർക്ക് കൃഷി സംബന്ധമായ സംശയങ്ങൾ/പ്രശ്നങ്ങൾ അതിവേഗത്തിൽ ദൂരീകരിക്കുന്നതിനായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഉദ്യോഗസ്ഥർ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

ശിപാർശ 15 (ഖണ്ഡിക 38)

സുഭിക്ഷ കേരളം പദ്ധതി 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് പദ്ധതിയിൽ സ്കൂൾ കുട്ടികൾക്ക് കൃഷിയിൽ താല്പര്യം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള കാർഷിക "സഞ്ചയിക" പദ്ധതിയോടനുബന്ധിച്ച് വിദ്യാലയങ്ങളിൽ സ്ഥല ലഭ്യതയനുസരിച്ച് കൃഷിയിടങ്ങൾ സജ്ജീകരിക്കുന്നതിന്റെ സാധ്യതകളും കോവിഡിന്റെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കൃഷി (പിബി) വകുപ്പ്

സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയിൽ താൽപ്പര്യം വളർത്തിയെടുക്കുന്നതിനൊപ്പം വിദ്യാർത്ഥി സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ഒരു രക്ഷാ

മനോഭാവം കൂടി വളർത്തുന്നതിനാണ് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 'കാർഷിക സഞ്ചയിക പ്രോഗ്രാം' 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതി നിർദ്ദേശത്തിൽ 10 ലക്ഷം രൂപ വകയിരുത്താൻ നിർദ്ദേശിക്കുകയും, ആയതു ഉൾപ്പെടുത്തി കേരള സംസ്ഥാന ആസൂത്രണ ബോർഡിന് പദ്ധതി സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേരള സംസ്ഥാന ആസൂത്രണ ബോർഡ് ഇറക്കിയ വാർഷിക പദ്ധതിയുടെ അന്തിമ റിപ്പോർട്ടിൽ കാർഷിക സഞ്ചയിക പദ്ധതി ഉൾപ്പെട്ടിട്ടില്ല.

എന്നാൽ വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ചുള്ള ആഭിമുഖ്യം സൃഷ്ടിക്കുവാൻ മറ്റനവധി പദ്ധതികൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതിയിലൂടെ വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്ന പദ്ധതി, കൃഷി നേരിട്ട് ചെയ്യുന്ന അനുഭവം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിലൂടെ കൃഷിയിലേക്ക് കൂടുതൽ ആകൃഷ്ടരാക്കുന്നതിനു സഹായിക്കുന്നു. 'കന്നിമാസത്തിലെ മകം നാള് നെല്ലിന്റെ പിറന്നാളായി' ആഘോഷിക്കുകയും അതനുസരിച്ചുള്ള വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു വരികയും ചെയ്തുവരുന്നത് വിദ്യാർത്ഥികളിൽ കൃഷി സംസ്കൃതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. വിദ്യാലയങ്ങളിലൂടെ പച്ചക്കറി വിത്തുകളും തൈകളും ഫലവൃക്ഷത്തൈകളും വിതരണം ചെയ്യുന്നത് വിദ്യാർത്ഥികളെ അവരവരുടെ ഭവനങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും തദ്വാരാ കൂടുതൽ ഭവനങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനും

സഹായകരമാകുന്നു.

ശിപാർശ 16 (ഖണ്ഡിക 44)

സംസ്ഥാനത്തെ സാമ്പത്തിക ആസൂത്രണത്തിന് കൃത്യമായ സ്ഥിതി വിവര കണക്കുകൾ ആവശ്യമാണെന്നതിനാൽ വിവര ശേഖരണവും തുടർജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഓൺലൈൻ വഴിയുള്ള വിവരശേഖരണത്തിൽ വസ്തുതാപരമായ പിഴവുകൾ കടന്നുകൂടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

COVID 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിവരശേഖരണവും, തുടർജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ഇ.എ.ആർ.എ.എസ്. വിഭാഗം (കാർഷിക സ്ഥിതിവിവരക്കണക്ക്)

കോവിഡ് - 19 മഹാമാരി നിമിത്തം വകുപ്പിലെ ഫീൽഡ് ജീവനക്കാർക്ക് ഫീൽഡ് സന്ദർശനം യഥാസമയം പൂർത്തിയാക്കാൻ കഴിയാതിരുന്നതിനാൽ കഴിഞ്ഞ കാർഷിക വർഷത്തെ (2020-2021) ഫീൽഡ് ജോലികൾ പൂർത്തീകരിക്കുന്നതിന് 15 ദിവസത്തെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു (ജൂൺ 30- ൽ നിന്നും ജൂലൈ 15 ലേക്ക്). അതുപ്രകാരം ജൂലൈ 15-ന് കഴിഞ്ഞ കാർഷിക വർഷത്തെ ഫീൽഡ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

എ. എസ്. ഐ വിഭാഗം

ടി സർവേ മുഖേന സംഘടിത മേഖലയിൽ ഉല്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നതും സർവീസ് നടത്തുന്നതുമായ ഉല്പാദന യൂണിറ്റുകളുടെ ഘടന, ഉല്പാദന രീതി, ലാഭ നഷ്ട കണക്ക് കൂടാതെ വ്യവസായ സ്ഥാപനങ്ങളെ സ്വാധീനിക്കുന്ന മറ്റു ഘടകങ്ങൾ എന്നിവ സമഗ്രമായി വിലയിരുത്തുന്നതിനായി അടിസ്ഥാന സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘടിത മേഖലയിലെ ഫാക്ടറികളുടെ എണ്ണം, സ്ഥിരമൂലധനം, പ്രവർത്തനമൂലധനം, മൂലധന രൂപീകരണം, മൊത്ത മൂലധന വർദ്ധനവ് തുടങ്ങിയ ഘടകങ്ങളാണ് ടി സർവേയിൽ വിലയിരുത്തുന്നത്. പ്രസ്തുത വിവരശേഖരണം കൺടൈൻമെന്റ് സോണുകളിൽ നിന്ന് സന്ദേശമായും, മറ്റുള്ള ഇടങ്ങളിൽ നിന്ന് നേരിട്ടും

പിഴവുകൾ കടന്നുകൂടാതെ നടത്തുകയുണ്ടായി.

പ്രൈസ് വിഭാഗം

കോവിഡ് മഹാമാരി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2020, 2021 വർഷങ്ങളിലായി ഏർപ്പെടുത്തിയ രണ്ട് ലോക്ക്ഡൗൺ കാലയളവിലും സ.ഉ(സാധാ.) നം. 1282/2020/പൊ.ഭ.വ. തീയതി 27.03.2020, G.O(Rt) No. 550/2021/DMD തീയതി 28.07.2021 ഉത്തരവുകൾ പ്രകാരം വകുപ്പിലെ പ്രൈസസ് വിഭാഗത്തെ അവശ്യ സർവീസായി പ്രഖ്യാപിക്കുകയുണ്ടായി.

ദിവസേന കേരളത്തിലെ പ്രധാനപ്പെട്ട മാർക്കറ്റുകളിൽ നിന്നും അവശ്യ സാധനങ്ങളുടെ വില ശേഖരിക്കുകയും, ഡയറക്ടറേറ്റ് തലത്തിൽ റിപ്പോർട്ട് തയ്യാറാക്കി, ദിവസേനയുള്ള അവലോകനം ഉൾപ്പെടെ സർക്കാരിലേക്കും വിവിധ ഏജൻസികൾക്കും, ജില്ലകളിലെ വിലനിലവാരം അവലോകനം ചെയ്യുന്നതിനായി എല്ലാ ജില്ലാ കളക്ടറേറ്റുകളിലേക്കും അതാത് ദിവസം വൈകുന്നേരം നൽകിയിരുന്നു. ഓരോ ജില്ലകളിലെയും വിപണി ഇടപെടലിന് ഇത് വളരെ അധികം സഹായകരമായിട്ടുണ്ട്.

എല്ലാ ആഴ്ചകളിലും കേരളത്തിലെ എല്ലാ ജില്ലകളിലെയും മാർക്കറ്റുകളിലെ വിലനിലവാരത്തെയും വിപണനത്തെയും വിപണികളിലെ അവസ്ഥാവിശേഷങ്ങളെയും അവലോകനം ചെയ്തുകൊണ്ട് വാരാന്ത്യ പൊതു വിപണി വില അവലോകനം എന്ന പേരിൽ സർക്കാരിലേക്കും മറ്റ് ഏജൻസികൾക്കും ജില്ലകളിലെ വിലനിലവാരം അവലോകനം ചെയ്യുന്നതിനായി എല്ലാ ജില്ലാ കളക്ടറേറ്റുകളിലേക്കും റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ആയത് സർക്കാരിന് വിപണി നിയന്ത്രണത്തിൽ ഗണ്യമായ തോതിൽ സഹായകരമായിട്ടുണ്ട്.

ലോക്ക് ഡൗൺ കാലയളവിൽ കേന്ദ്ര സർക്കാർ അവശ്യസാധനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 ഇനം അവശ്യസാധനങ്ങളുടെ മൊത്ത, ചില്ലറ വില നിലവാരം ശേഖരിച്ച് കേന്ദ്രസർക്കാരിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിനുവേണ്ടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ ലോക്ക്ഡൗൺ കാലയളവിൽ ഭക്ഷ്യകിറ്റ് ഉൾപ്പെടെയുള്ള സാധനങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങിക്കുന്നതിനായി സപ്ലൈകോ ഡിപ്പാർട്ട്മെന്റിനുവേണ്ടി പൊതുവിപണി വില ശേഖരിച്ച് യഥാസമയത്ത് റിപ്പോർട്ട്

ചെയ്തിട്ടുണ്ട്.

ലോക്ക്ഡൗണിന്റെ ആദ്യഘട്ടത്തിൽ ഫോൺ മുഖേന വില ശേഖരിക്കുന്നതിനും അത്യാവശ്യ ഘട്ടത്തിൽ മാത്രം ഫീൽഡിൽ പോകുന്നതിനും ആണ് സർക്കാർ നിർദ്ദേശിച്ചിരുന്നതെങ്കിലും, ടി കാലയളവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് വിപണികളിലെ യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കേണ്ടതിന്റെയും കൃത്യതയോടെ വില നിലവാരം റിപ്പോർട്ട് ചെയ്യേണ്ടതിന്റെയും പ്രാധാന്യം മനസ്സിലാക്കി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ പ്രൈസ് റിപ്പോർട്ട് ചെയ്യുന്ന ഉദ്യോഗസ്ഥർ വിപണികളിൽ നേരിട്ട് പോയി പ്രൈസ് റിപ്പോർട്ടിംഗ് മെക്കാനിസവും, മെത്തഡോളജിയും പാലിച്ചുകൊണ്ടാണ് വില ശേഖരിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ശിപാർശ 17 (ഖണ്ഡിക 45)

Covid Impact Quick study-യുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ടും ഈ നഷ്ടങ്ങൾ മറികടക്കുന്നതിനും, വരുമാനം ഉത്തേജിപ്പിക്കുന്നതിനും അനുവർത്തിക്കാവുന്ന ആക്ഷൻ പ്ലാനും സംബന്ധിച്ച വിവരങ്ങളും സമിതിക്ക് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ Impact of Covid 19 (Quick Survey Report- Phase- I, Phase- II) എന്നീ റിപ്പോർട്ടുകളുടെ പകർപ്പ് സമിതി മുൻപാകെ സമർപ്പിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ രത്നച്ചുരുക്കം ചുവടെ ചേർക്കുന്നു.

ഉല്പാദന, വ്യാപാര, മറ്റു സേവന മേഖലകളിൽ ഉൾപ്പെട്ട 9261 സ്ഥാപനങ്ങളിൽ നിന്നുമാണ് വിവരശേഖരണം നടത്തിയത്. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് മൂലം അസംഘടിത മേഖലയിലെ പ്രവൃത്തി ദിവസങ്ങളിൽ 2020 ഏപ്രിലിൽ ഉണ്ടായ നഷ്ടം 84 ശതമാനമാണ്. രണ്ടാം ഘട്ട ലോക്ക്ഡൗൺ സമയത്ത്, മേയ് 2021-ൽ പ്രവൃത്തി ദിവസങ്ങളിൽ 72 ശതമാനം നഷ്ടമായി കുറഞ്ഞു. ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് മറ്റ് സേവന മേഖലകളിലാണ്. 2020 ൽ 59 ശതമാനം നഷ്ടം സംഭവിച്ചപ്പോൾ

2021 ൽ അത് 51 ശതമാനമായി കുറയുകയാണുണ്ടായത്.

ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഏർപ്പെടുത്തിയ ഇളവുകൾ പ്രയോജനപ്പെടുത്തിയത് മൂലം അസംഘടിത മേഖലയിലെ തൊഴിൽ നഷ്ടം 2020 നെ അപേക്ഷിച്ച് 2021- ൽ മെച്ചപ്പെട്ടതായി സർവേ വ്യക്തമാക്കുന്നു. 2020-നെ അപേക്ഷിച്ച് 2021- ൽ തൊഴിൽ നഷ്ടത്തിൽ നിന്നും കരകയറുവാൻ തദ്ദേശീയ തൊഴിലാളികൾ മെച്ചപ്പെട്ട പ്രതിരോധം കാഴ്ചവെച്ചിട്ടുണ്ട്. 2020 ലോക്ക്ഡൗണിൽ 81 ശതമാനം അതിഥി തൊഴിലാളികൾക്കും 73 ശതമാനം തദ്ദേശീയ തൊഴിലാളികൾക്കും തൊഴിൽ നഷ്ടം സംഭവിച്ചപ്പോൾ, 2021- ൽ അത് യഥാക്രമം 65 ശതമാനവും 45 ശതമാനവും ആയി കുറഞ്ഞു എന്ന് സർവേ ഫലം വ്യക്തമാക്കുന്നു.

വരുമാന നഷ്ടത്തിന്റെ കാര്യത്തിലും ഗണ്യമായ കുറവ് രേഖപ്പെടുത്തുകയുണ്ടായി. 2020 കാലഘട്ടത്തിൽ 79 ശതമാനം വരുമാന നഷ്ടം ഉണ്ടായപ്പോൾ രണ്ടാം ഘട്ടത്തിൽ അത് 68 ശതമാനമായി ചുരുങ്ങി. ലോക്ക്ഡൗൺ ഇളവുകൾ നൽകിയപ്പോൾ വരുമാനം വർദ്ധിക്കുകയും, 2020 ജൂലൈയിൽ സംഭവിച്ച വരുമാന നഷ്ടം 41 ശതമാനം എന്നതിൽ നിന്ന് 2021 ജൂലൈയിൽ 35 ശതമാനമായി കുറയുകയുമുണ്ടായി.

കടബാധിതരുടെ സ്ഥിതി കൂടി സർവേ വെളിപ്പെടുത്തുന്നു. 2020 കാലഘട്ടത്തിൽ 34 ശതമാനം കടബാധിതർ ഉണ്ടായിരുന്നത് 2021 ൽ 31 ശതമാനമായി കുറഞ്ഞു. 2020- ലെ കടബാധിതരിൽ 26 ശതമാനം പേരും കടം തിരിച്ചടച്ചതായും 9 ശതമാനം പേർ പുതിയതായി കടക്കാരായതും സർവേ ചൂണ്ടിക്കാണിച്ചു. 2020 ൽ 90 ശതമാനം പേരും കടം തിരിച്ചടവ് മുടങ്ങിയപ്പോൾ 2021 ൽ അത് 80 ശതമാനമായി കുറയുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ അവസരോചിതമായ ഇടപെടലുകളും നയരൂപീകരണവും ഈ മേഖലകളിൽ കോവിഡ് സൃഷ്ടിച്ച ആഘാതം ഒരു പരിധി വരെ ലഘൂകരിക്കുന്നതിന് സാധിച്ചു എന്ന വസ്തുത ഈ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു.

സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ കോവിഡ് മഹാമാരിയും ലോക്ക്ഡൗണും കേരള സമ്പദ് ഘടനയിൽ ചെലുത്തിയ ആഘാതം - ദ്രുതഗതിയിലുള്ള വിലയിരുത്തൽ-

പഠനറിപ്പോർട്ടിന്റെ 40 കോപ്പികൾ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കോവിഡ് -19 സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആസൂത്രണബോർഡിൽ നിന്നും വകുപ്പുകൾക്ക് നൽകുന്ന വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ കോവിഡ്-19 സംസ്ഥാനത്തിന്റെ വിവിധമേഖലകളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ തരണം ചെയ്യുന്നതിനുള്ള സ്കീമുകൾ, പദ്ധതികൾ എല്ലാ വകുപ്പുകളും തയ്യാറാക്കി വാർഷിക പദ്ധതി നിർദ്ദേശങ്ങളിൽ (Plan Proposals) ഉൾപ്പെടുത്തണമെന്നും കൂടാതെ അവ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കണമെന്നുമുള്ള നിർദ്ദേശം കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലും നൽകിയിട്ടുണ്ടെന്നും സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശ 18 (ഖണ്ഡിക 51)

വികസന വായ്പ പുനഃസംഘടിപ്പിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിലാക്കുന്നതിനും ഊർജ്ജിത നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സാമ്പത്തിക മന്ത്രാലയത്തിന്റെ അനുമതി തേടുന്നതിന് വേണ്ട സമ്മർദ്ദം ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ആസൂത്രണ സാമ്പത്തികകാര്യ (ആർ.കെ.ഐ) വകുപ്പ്

വികസന വായ്പ പുനസംഘടിപ്പിക്കുന്നതിനും പുനർനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാം ഘട്ടം, പൂർത്തീകരിച്ച ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്ന ഫലപ്രാപ്തി അധിഷ്ഠിത പരിപാടി (Program for Results -PforR) മാതൃകയിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര സാമ്പത്തിക മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിക്കായി ലോകബാങ്കിൽ നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കി (AIIB)-ൽ നിന്നും കോ-ഫിനാൻസിംഗ് (50:50 അനുപാതത്തിൽ) അടിസ്ഥാനത്തിൽ, 250 ദശലക്ഷം ഡോളറിന്റെ വായ്പ സംബന്ധിച്ച്

കരാറായിട്ടുണ്ട്. കൂടാതെ, 100 ദശലക്ഷം യൂറോയുടെ കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിലുള്ള വായ്പയ്ക്ക് ഫ്രഞ്ച് ബാങ്കായ AFD അംഗീകാരം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫലപ്രാപ്തി അധിഷ്ഠിത (PfR) വായ്പാ പദ്ധതിയിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകും

1. രോഗവ്യാപനവും പ്രകൃതിദുരന്തങ്ങളും നേരിടാൻ തക്കവണ്ണം സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരത ശക്തിപ്പെടുത്തൽ

2. ദുരന്തങ്ങളുമായി ബന്ധപ്പെട്ട് സുരക്ഷാ യോജ്യ സംവിധാനം (അഡാപ്റ്റീവ് സേഫ്റ്റി നെറ്റ് സിസ്റ്റം) ശക്തിപ്പെടുത്തൽ

3 ദുർബല കുടുംബങ്ങൾക്കുള്ള ദുരന്തസാധ്യതാ ധനസഹായവും ഇൻഷുറൻസ് ശേഷിയും മെച്ചപ്പെടുത്തൽ

4. നഗര തദ്ദേശ സ്ഥാപനങ്ങളിൽ ദുരന്തസാധ്യത പരിഗണിച്ചുള്ള മാസ്റ്റർ പ്ലാനുകളും മുൻഗണനാ പ്രവർത്തന പദ്ധതികളും

5. കാലാവസ്ഥാ അപകടസാധ്യതാ വിവരങ്ങൾ തദ്ദേശ ദുരന്തസാധ്യതാ ലഘൂകരണ പ്ലാനുകളുമായി സംയോജിപ്പിക്കൽ

6. പമ്പാ നദീതടത്തിനായുള്ള സംയോജിത നദീതട പരിപാലന പദ്ധതി

7. പമ്പാ നദീതടത്തിൽ കോർ റോഡ് ശൃംഖല

ശിപാർശ 23 (ഖണ്ഡിക 62)

സംരംഭകത്വ പ്രോത്സാഹനത്തിനുള്ള പദ്ധതിയിലൂടെ ധനസഹായത്തിനൊപ്പം സംരംഭങ്ങളുടെ രൂപീകരണ മേൽനോട്ടത്തിനും നടത്തിപ്പിനും വേണ്ട സാങ്കേതിക വൈജ്ഞാനിക സഹായങ്ങൾ ലഭ്യമാക്കുന്നതിന് സംരംഭങ്ങൾക്കനുസൃതമായി നൈപുണ്യ വികസന കർമ്മ പരിപാടികൾ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യ (ഡെവ – വിംഗ്)വകുപ്പ്

കുടുംബശ്രീയുടെ പ്രധാന സ്ഥാപിത ലക്ഷ്യങ്ങളിലൊന്നായ സാമ്പത്തിക ശാക്തീകരണം നേടിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി അയൽക്കൂട്ട മൊബിലൈസേഷൻ നടത്തുകയും, സംരംഭങ്ങൾ ആരംഭിക്കുന്നതിന് താൽപര്യമുള്ളവരെ കണ്ടെത്തി പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന ക്ലാസ്സുകൾ, നൈപുണ്യ പരിശീലനം എന്നിവ ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനായി പരിശീലന ഏജൻസികളെ ജില്ലകളിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ നൈപുണ്യ പരിശീലനം ലഭിച്ചവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായം, സാങ്കേതിക വൈജ്ഞാനിക സഹായങ്ങൾ എന്നിവയും സി.ഡി.എസ്സുകൾ മുഖേന നൽകി വരുന്നുണ്ട്. നിലവിൽ സംരംഭകത്വ പദ്ധതികളിൽ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളായ വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകി വരുന്നുണ്ട്. കൂടുതൽ അയൽക്കൂട്ടാംഗങ്ങളായ/ കുടുംബാംഗങ്ങളായ വനിതകളെ സംരംഭകത്വത്തിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. കൂടാതെ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം കൂടുതൽ സംരംഭക കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം വിജയകരമായി നടപ്പാക്കി വരുന്ന അഞ്ച് സ്വയംതൊഴിൽ പദ്ധതികളാണ് ശരണ്യ, കൈവല്യ, നവജീവൻ, മൾട്ടി പർപ്പസ് സർവ്വീസ് സെന്റർ/ജോബ് ക്ലബ്ബ്, കെസ്റ്റു എന്നിവ. ഈ പദ്ധതികളുടെ ജില്ലാതലത്തിലുള്ള മേൽനോട്ടത്തിനായി 14 ജില്ലകളിലും ഗസറ്റഡ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ വിഭാഗം പ്രവർത്തിച്ചു വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വരുന്ന തൊഴിൽ രഹിതരിൽ സ്വയംതൊഴിൽ ചെയ്യാൻ താൽപര്യമുള്ളവർക്ക് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതികളെപ്പറ്റിയും, സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയും, പലതരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളെപ്പറ്റിയും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അപേക്ഷാഫാറം, പ്രോജക്ട് റിപ്പോർട്ട് മുതലായവ തയ്യാറാക്കുന്നതിന് സഹായവും നൽകിവരുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ സംരംഭങ്ങൾ നേരിട്ട് സന്ദർശിക്കുകയും, പ്രവർത്തനം

വിലയിരുത്തുകയും, ആവശ്യമായ ഇടങ്ങളിൽ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് വായ്പയും, സബ്സിഡിയും അനുവദിക്കുന്ന, അശരണരായ വനിതകൾക്കുള്ള ശരണ്യ പദ്ധതിയിൽ, Rural Self Employment Training Institute (RSETI) / Rural Development and Self Employment Training (RUDSET) വഴി സംരംഭകത്വ വികസന പരിശീലനം നൽകിയതിന് ശേഷമാണ് വായ്പ അനുവദിച്ചു നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള കൈവല്യ പദ്ധതിയ്ക്ക് കീഴിൽ നടപ്പാക്കി വരുന്ന കപ്പാസിറ്റി ബിൽഡിംഗ് പരിപാടിയിൽ, പ്രസ്തുത വിഭാഗക്കാർക്ക് അനുയോജ്യമായ വിവിധയിനം സ്വയംതൊഴിലുകളെപ്പറ്റിയുള്ള ക്ലാസുകളും പരിശീലനവും നൽകിവരുന്നു.

ശിപാർശ 24(ഖണ്ഡിക 63)

സംരംഭകത്വ പ്രോത്സാഹന പദ്ധതികളിൽ വനിതാ സംരംഭകരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നും, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം സംരംഭക കൂട്ടായ്മകൾ രൂപീകരിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
ധനകാര്യ (ഡെവ – വിംഗ്) വകുപ്പ്

കുടുംബശ്രീയുടെ പ്രധാന സ്ഥാപിത ലക്ഷ്യങ്ങളിലൊന്നായ സാമ്പത്തിക ശാക്തീകരണം നേടിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി അയൽക്കൂട്ട മൊബിലൈസേഷൻ നടത്തുകയും, സംരംഭങ്ങൾ ആരംഭിക്കുന്നതിന് താൽപര്യമുള്ളവരെ കണ്ടെത്തി പൊതു അവബോധ പരിശീലനം, സംരംഭകത്വ വികസന ക്ലാസ്സുകൾ, നൈപുണ്യ പരിശീലനം എന്നിവ ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനായി പരിശീലന ഏജൻസികളെ ജില്ലകളിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ നൈപുണ്യ പരിശീലനം ലഭിച്ചവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായം, സാങ്കേതിക വൈജ്ഞാനിക സഹായങ്ങൾ എന്നിവയും

സി.ഡി.എസ്സുകൾ മുഖേന നൽകി വരുന്നുണ്ട്. നിലവിൽ സംരംഭകത്വ പദ്ധതികളിൽ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളായ വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകി വരുന്നുണ്ട്. കൂടുതൽ അയൽക്കൂട്ടാംഗങ്ങളായ/ കുടുംബാംഗങ്ങളായ വനിതകളെ സംരംഭകത്വത്തിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. കൂടാതെ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം കൂടുതൽ സംരംഭക കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

അശരണരായ വനിതകൾക്ക് വേണ്ടി മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് വായ്പയും, സബ്സിഡിയും അനുവദിച്ചു നൽകുന്ന ശരണ്യ എന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ എംപ്ലോയ്മെന്റ് വകുപ്പിന്റെ ആകെ പദ്ധതി വിഹിതത്തിന്റെ 57 ശതമാനവും വനിതകൾക്കായുള്ള ഈ പദ്ധതിക്കായാണ് ചെലവഴിക്കുന്നത്. കൂടാതെ, വകുപ്പിന്റെ മറ്റ് 4 സ്വയം തൊഴിൽ പദ്ധതികൾ പരിശോധിക്കുമ്പോൾ, അതിൽ 40% വനിതകളാണ്.

എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും, അവരെ സഹായിക്കുന്നതിനുമായി സംരംഭകരുടെ കൂട്ടായ്മ സംഘടിപ്പിക്കുകയും, ഓണം, ക്രിസ്തുമസ്, പ്രാദേശികമായിട്ടുള്ള മറ്റ് ഉത്സവങ്ങൾ എന്നിവയിൽ വകുപ്പിന്റെ നേതൃത്വത്തിൽ വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്

കുടുംബശ്രീയുടെ പ്രധാന സ്ഥാപിത ലക്ഷ്യങ്ങളിലൊന്നായ സാമ്പത്തിക ശാക്തീകരണം നേടിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി അയൽക്കൂട്ട മൊബിലൈസേഷൻ നടത്തുകയും സംരഭങ്ങൾ ആരംഭിക്കുന്നതിന് താല്പര്യമുള്ളവരെ കണ്ടെത്തി പൊതുഅവബോധ പരിശീലനം, സംരംഭകത്വ വികസന ക്ലാസ്സുകൾ നൈപുണ്യ

പരിശീലനം എന്നിവ ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. നൈപുണ്യ പരിശീലനം ലഭ്യമാക്കുന്നതിനായി പരിശീലന ഏജൻസികളെ ജില്ലകളിൽ എംപാനൽ ചെയ്തിട്ടുണ്ട്. കൂടാതെ നൈപുണ്യ പരിശീലനം ലഭിച്ചവർക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സാമ്പത്തിക സഹായം, സാങ്കേതിക വൈജ്ഞാനിക സഹായങ്ങൾ എന്നിവയും സി.ഡി.എസ്സ്.കൾ മുഖേന നൽകി വരുന്നുണ്ട്. നിലവിൽ സംരംഭകത്വ പദ്ധതികളിൽ കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളായ വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകി വരുന്നുണ്ട്. കൂടുതൽ അയൽക്കൂട്ട അംഗങ്ങളായ/കുടുംബാംഗങ്ങളായ വനിതകളെ സംരംഭകത്വത്തിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. കൂടാതെ, കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരം കൂടുതൽ സംരംഭക കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശിപാർശ 25 (ഖണ്ഡിക 64)

കോവിഡ് പ്രതിസന്ധികളെ അതിജീവിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ ഗുണഫലം അർഹരായവരിൽ എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് വിവര ശേഖരണം നടത്തുകയും, അനർഹരായവരെ പുറത്താക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ധനകാര്യം (എസ്. എഫ്. സി- ബി) വകുപ്പ്

വിഷു, ഓണം, ക്രിസ്തുമസ് എന്നീ ആഘോഷവേളകളോടനുബന്ധിച്ചാണ് മുൻകാലങ്ങളിൽ സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ വിതരണം നടത്തിയിരുന്നത്. എന്നാൽ കോവിഡ്-19 ജനങ്ങൾക്കുണ്ടാക്കിയിട്ടുള്ള സാമ്പത്തികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത്, സംസ്ഥാനത്തെ സാമൂഹ്യ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് മുടക്കം കൂടാതെ പെൻഷൻ അനുവദിക്കുകയും, 2020 സെപ്റ്റംബർ മാസം മുതൽ അതാത് മാസം തന്നെ പെൻഷൻ വിതരണം ചെയ്തുവരുന്നതുമാണ്. അർഹരായവർക്ക് സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ്

പെൻഷനുകൾ ലഭിക്കുന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനുമായി സംസ്ഥാനമൊട്ടാകെ മസ്റ്ററിംഗ് നടത്തുകയും അപ്രകാരം അനർഹരായവരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)- 32-ാമത് റിപ്പോർട്ടിലെ ഈ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ

സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷനുകളിൽ രണ്ട് പെൻഷനുകൾക്കും അർഹതയുള്ളവർക്ക് രണ്ട് തരം പെൻഷൻ നൽകുവാൻ കഴിയുമോ എന്നത് സംബന്ധിച്ചും, തൊഴിലാളിയും തൊഴിലുടമയും മാത്രം വിഹിതമടയ്ക്കുന്ന ബോർഡുകൾ ഉണ്ടെങ്കിൽ അത്തരത്തിലുള്ളവർക്ക് മാത്രം രണ്ട് പെൻഷൻ വാങ്ങരുതെന്ന നിബന്ധന ഏർപ്പെടുത്തുന്നത് സംബന്ധിച്ചും പുനഃപരിശോധിക്കുക.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി
ധനകാര്യം (എസ്.എഫ്.സി. - ബി) വകുപ്പ്

സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് പുറപ്പെടുവിച്ച 23.09.2020-ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം, രണ്ട് പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയുള്ളവർക്കെല്ലാം തന്നെ ആയത് അനുവദിക്കുന്നുണ്ട്. താഴെ പറയുന്നവർക്കാണ് രണ്ട് തരം പെൻഷനുകൾ ലഭിക്കുന്നതിന് അർഹതയുള്ളത്:

1. 06.02.2017 നു മുൻപ് രണ്ട് തരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിച്ചിരുന്നവർ/ ഒരു സാമൂഹ്യ സുരക്ഷാ പെൻഷനും ഒരു ക്ഷേമനിധി ബോർഡ് പെൻഷനും ലഭിച്ചിരുന്നവർ.
2. ഭിന്നശേഷിക്കാർ
3. തനതു ഫണ്ടിൽ നിന്നും പെൻഷൻ ലഭിക്കുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ.

തൊഴിലാളിയും തൊഴിലുടമയും മാത്രം വിഹിതം അടയ്ക്കുന്ന ക്ഷേമനിധി ബോർഡുകൾ അവരുടെ തനത് ഫണ്ടിൽ നിന്നാണ് പെൻഷൻ നൽകുന്നതെങ്കിൽ പ്രസ്തുത

ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളപക്ഷം ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദനീയമാണ്. ഇതിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

ശിപാർശ 26 (ഖണ്ഡിക 67)

തൊഴിലിടങ്ങളിൽ പാലിക്കേണ്ട നിയമങ്ങളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഫാക്ടറീസ് ആക്ട് 1948-ലും കേരള ഫാക്ടറീസ് റൂൾസ് 1957-ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നിരുന്നാലും Covid 19 മൂലം സംജാതമായ പ്രത്യേക സാഹചര്യത്തിൽ അപ്രതീക്ഷിതമാം വിധം പടർന്നു പിടിക്കുന്നതും, ബഹുലമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതുമായ പകർച്ചവ്യാധികൾ തൊഴിൽ മേഖലയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതിരിക്കുന്നതിന് വേണ്ട ശാസ്ത്രീയ മുൻകരുതലുകളും പ്രതിരോധ മാർഗ്ഗങ്ങളും ഫാക്ടറി നിയമങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

കേന്ദ്ര സർക്കാർ പുതുതായി നടപ്പിലാക്കിയ ഒക്കുപ്പേഷണൽ സേഫ്റ്റി ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻ കോഡ് 2020-ന് അനുസൃതമായി സംസ്ഥാനത്ത് റൂൾ രൂപീകരിക്കുന്നതിനായി വകുപ്പ് തലത്തിൽ റൂൾ അമെന്റ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണ്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോവിഡ്-19 പോലെയുള്ള പകർച്ച വ്യാധികൾ തൊഴിൽ മേഖലയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതിരിക്കുന്നതിന് വേണ്ട ശാസ്ത്രീയ മുൻകരുതലുകളും പ്രതിരോധ മാർഗ്ഗങ്ങളും പ്രസ്തുത നിയമത്തിലുൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

പകർച്ചവ്യാധികൾ തൊഴിൽ മേഖലയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താതിരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

പകർച്ചവ്യാധികൾ തൊഴിൽ മേഖലയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതിരിക്കുന്നതിന് കോവിഡ് 19 കാലത്ത് ശാസ്ത്രീയ മുൻകരുതലുകളും പ്രതിരോധ മാർഗ്ഗങ്ങളും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് നടപ്പാക്കിയിരുന്നു. ഫാക്ടറീസ് ആക്ട് 1948, കേരളാ ഫാക്ടറീസ് റൂൾസ് 1957 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന ആരോഗ്യ സംബന്ധമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനോടൊപ്പം ആരോഗ്യവകുപ്പിന്റെ കോവിഡ് 19 സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ പാലിക്കാനും രോഗത്തിന്റെ ആദ്യ കേസ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ ഫാക്ടറികളിൽ നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കുകയും ചെയ്തിരുന്നു. കോവിഡ് 19 കാലത്ത് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദമായ സർക്കുലറും 2020 മാർച്ച് ആദ്യ വാരത്തിൽ തന്നെ ടി വകുപ്പ് എല്ലാ ഫാക്ടറി ഉടമകളേയും അറിയിക്കുന്നതിനായി വെബ്സൈറ്റ് മുഖേനയും ഇ-മെയിൽ മുഖാന്തിരവും ലഭ്യമാക്കുകയും ലോക്ക്ഡൗൺ സമയത്ത് പ്രവർത്തിച്ചിരുന്ന അവശ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികളിൽ തൊഴിലാളികൾക്ക് സുരക്ഷിതമായി ജോലിചെയ്യുന്നതിനായുള്ള നിർദ്ദേശങ്ങളും നൽകുകയും ചെയ്തിരുന്നു. കൂടാതെ ലേബർ കമ്മീഷണറേറ്റ് മുഖേന അന്യസംസ്ഥാന തൊഴിലാളികൾക്ക് ബോധവൽക്കരണ/മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പകർച്ചവ്യാധികളെ സംബന്ധിച്ചും പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്നത് തടയുന്നതിനായി വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടത് സംബന്ധിച്ചും ടി രംഗത്തെ വിദഗ്ദ്ധരെ കൊണ്ട് ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിനോടനുബന്ധിച്ച് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ വിവിധ ക്യാമ്പുകൾ സന്ദർശിച്ചു പരിസര ശുചീകരണം, വ്യക്തി ശുചിത്വം എന്നിവ സംബന്ധിച്ച് തൊഴിലാളികൾക്ക് ബോധവത്ക്കരണം നടത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും, ആരോഗ്യവകുപ്പുമായും, മാനേജ്മെന്റുമായും സഹകരിച്ച് തോട്ടം മേഖല ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളിലും തോട്ടങ്ങളിലും, സ്ഥാപനങ്ങളിലും തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും,

പകർച്ചവ്യാധി പ്രതിരോധത്തിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുകയും താമസസ്ഥലങ്ങളിൽ സാനിറ്റേഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യാറുണ്ട്. കോവിഡ് വ്യാപന സമയത്ത് തൊഴിൽ മേഖലയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനായി തൊഴിലാളികളുടെ ആരോഗ്യവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിലേയ്ക്കായി തൊഴിലാളികൾക്ക് മാസ്ക്, ഗ്ലൗസ്, സാനിറ്റൈസർ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളുടെ ആവശ്യകത സംബന്ധിച്ച് വ്യാപാര സ്ഥാപനങ്ങൾക്കും തൊഴിൽ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ടി സുരക്ഷാ സംവിധാനങ്ങൾ പാലിക്കുന്നുണ്ടെന്ന് തൊഴിൽ ഉടമ ഉറപ്പുവരുത്തണമെന്നും സ്ഥാപനങ്ങളിൽ സാമൂഹ്യ അകലം പാലിക്കുന്നതിനായി തൊഴിലാളികളെ പല ഷിഫ്റ്റുകളായി ക്രമപ്പെടുത്തണമെന്നും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകുവാൻ ആശുപത്രി മാനേജ്മെന്റിനും നിർദ്ദേശം നൽകിയിരുന്നു. തൊഴിലാളികൾക്ക് കോവിഡുമായി ബന്ധപ്പെട്ട് ബോധവത്കരണ നിർദ്ദേശങ്ങൾ നൽകുന്നതിനായി വിവിധ സന്നദ്ധസംഘടനകൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ, കോൺട്രാക്ടർമാർ, ബിൽഡർമാർ എന്നിവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുകയും സോഷ്യൽ മീഡിയ പോലുള്ള ഓൺലൈൻ സൗകര്യങ്ങൾ പരമാവധി ഉപയോഗിച്ച് കോവിഡുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട മുൻകരുതലുകളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തി, വിവിധ ഭാഷകളിൽ സന്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തിരുന്നു. അതിഥി തൊഴിലാളികളുടെ മാനസിക-സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം സ്വീകരിച്ച സൈക്കോ-സോഷ്യൽ റെസ്പോൺസ് ടീമിനെ രൂപീകരിക്കുകയും ചെയ്തു. അതിഥി തൊഴിലാളികളുടെ പാർപ്പിടങ്ങളിലോ, മറ്റ് ഇടങ്ങളിലോ കോവിഡ് 19-ന്റെ രോഗലക്ഷണങ്ങൾ കണ്ടാലുടൻ ജില്ലാ ഭരണകൂടത്തിന്റെ സഹായം തേടുകയും ക്വാറന്റൈൻ സൗകര്യങ്ങളുള്ള DCC, CFLTC-യിൽ മാറ്റി പാർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അതിഥി തൊഴിലാളികൾക്ക് വേണ്ടി ജില്ലാ ഓഫീസ് കേന്ദ്രീകരിച്ച് പ്രത്യേക കൺട്രോൾ റൂം അതിനോട് ചേർന്ന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ സജ്ജീകരിക്കുകയും ദ്വിഭാഷികളെ അവരുടെ ആവലാതികൾ കേൾക്കുന്നതിനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

കോവിഡ് കാലത്ത് തൊഴിൽ ചെയ്യാൻ കഴിയാതെ നാട്ടിൽ ഉണ്ടായിരുന്ന അതിഥി തൊഴിലാളികൾക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങളും രോഗപ്രതിരോധ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി വകുപ്പിലെ ഓഫീസുകളിൽ നടത്തിയിരുന്ന ചർച്ചകളും ക്യാമ്പ് സിറ്റിംഗുകളും ക്രമീകരിക്കുകയും, ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി വന്നിരുന്ന സന്ദർശകരുടെ എണ്ണം പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ, ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന കോൾസെന്ററുകൾ സജ്ജീകരിച്ച് ലഭിക്കുന്ന അപേക്ഷകൾ/പരാതികൾ എന്നിവ സത്വരമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളും ബോധവൽക്കരണവും മൂലം തൊഴിൽ മേഖലയിൽ പകർച്ചവ്യാധികൾ പടരുന്നത് ഒരു പരിധിവരെ തടയുവാൻ സാധിച്ചിട്ടുള്ളതും ആയത് തൊഴിൽ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് സഹായകരമാവുകയും ചെയ്തിട്ടുള്ളതാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കൂടുതൽ തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകുമെന്നതും മലേറിയ പോലുള്ള രോഗങ്ങൾ വ്യാപിക്കുമെന്നതും മുൻനിർത്തി തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ തുടർച്ചയായി പരിശോധന നടത്തുന്നതിനുള്ള, നടപടി സ്വീകരിക്കാനും പരിശോധന നടത്തുന്നതിന് സ്ഥിരമായി സ്വീകരിക്കുന്ന നടപടി എന്താണെന്ന് വകുപ്പിനോട് ആരായാനും തീരുമാനിച്ചു.

<u>സർക്കാർ ലഭ്യമാക്കിയ മറുപടി</u>
<u>തൊഴിലും നൈപുണ്യവും (ബി) വകുപ്പ്.</u>

തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകാനും മലേറിയ പോലുള്ള രോഗങ്ങൾ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഫാക്ടറീസ് **&** ബോയിലേഴ്സ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ മെഡിക്കൽ വിഭാഗത്തിന് നൽകിയിട്ടുള്ളതായി ഫാക്ടറീസ് **&** ബോയിലേഴ്സ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ഒരു ഫാക്ടറി തൊഴിലാളി ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് ഫാക്ടറി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം Pre Employment Medical Examination ചെയ്യുമ്പോൾ മലേറിയ

രോഗപരിശോധന കൂടി ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ഫാക്ടറി മാനേജ്മെന്റുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

2. ഫാക്ടറി പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.
3. തൊഴിലാളികൾ അധികമായി താമസിക്കുന്ന ഫാക്ടറികളിൽ ഖര മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തുവാൻ ഫാക്ടറി മാനേജ്മെന്റുകൾക്ക് കർശന നിർദ്ദേശം നൽകി ആയത് ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. മലേറിയ രോഗം പരത്തുന്ന കൊതുകുകൾ പെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വെള്ളം കെട്ടിനിൽക്കുന്ന ചിരട്ടകൾ, ചെറുപാത്രങ്ങൾ എന്നിവ പോലുള്ളവ വെള്ളം കമിഴ്ത്തി കളയുവാനും വെള്ളക്കെട്ട് ഉണ്ടാകുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകി എല്ലാ ഞായറാഴ്ചയും Dry Day നടപ്പിലാക്കേണ്ടതാണ്.
5. കെട്ടിടങ്ങൾക്കുള്ളിൽ കൊതുകുകൾ നിയന്ത്രിക്കുന്നതിന് മാലത്തയോൺ, DDT, മുതലായ കീടനാശിനികൾ തളിക്കുന്ന പ്രക്രിയ (Indoor Residual Spraying) ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. തുടർച്ചയായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗനിർണ്ണയം നടത്തുന്നതിനും, രക്തപരിശോധനകൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. ഫാക്ടറി തൊഴിലാളികളിൽ മലേറിയ രോഗം കണ്ടെത്തിയാൽ ആയത് ആരോഗ്യ വകുപ്പ് അധികൃതരെ അറിയിക്കേണ്ടതും, രോഗം പടരുന്നത് തടയുന്നതിനായി അത്തരം തൊഴിലാളികളെ മാറ്റി പാർപ്പിക്കേണ്ടതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. ഫാക്ടറിക്ക് പുറത്ത് തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവർ അടുത്തുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളെ സമീപിച്ച് രോഗനിർണ്ണയം നടത്തുന്നതിനും, രക്തപരിശോധനകൾ ചെയ്യുന്നതിനുമുള്ള നടപടികൾ ഫാക്ടറി മാനേജ്മെന്റ് സ്വീകരിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
9. മലേറിയ പോലുള്ള രോഗങ്ങൾ സ്ഥിരമായി കണ്ടുവരുന്ന സംസ്ഥാനങ്ങളിൽ നിന്നും സ്ഥലങ്ങളിൽ നിന്നും വരുന്ന അതിഥി തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകി

അവർക്ക് ബോധവത്കരണ ക്ലാസ്സുകൾ നൽകേണ്ടതാണ്.

10. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവർക്ക് ഉപയോഗിക്കുന്നതിന് കൊതുക വലകൾ പോലുള്ളവ നൽകുക.

കൂടാതെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകൾ, തൊഴിലിടങ്ങൾ, ഇവർ കൂടുതലായി കേന്ദ്രീകരിക്കുന്ന ഇടങ്ങൾ എന്നിവിടങ്ങളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് മെഡിക്കൽ ക്യാമ്പ് നടത്താറുണ്ട്. ക്യാമ്പിനായി എല്ലാ വർഷവും തുക വകയിരുത്താറുണ്ട്. മരുന്ന് ആവശ്യമായ തൊഴിലാളികൾക്ക് ആയത് സൗജന്യമായി നൽകുന്നുണ്ട്. തുടർ ചികിത്സ ആവശ്യമെങ്കിൽ അതിനും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം.</u>

താഴെപ്പറയുന്ന അധികവിവരം വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

1. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പകർച്ചവ്യാധി വ്യാപനം തടയുന്നതിനും, മാലിന്യ പ്രശ്നങ്ങളും മലേറിയ പോലുള്ള രോഗങ്ങളും ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടി സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് വകുപ്പിനോട് ആരായുക.
2. നിലവിൽ സംസ്ഥാനത്ത് താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമാക്കാൻ വകുപ്പിനോട് ആരായുക.

<u>സർക്കാർ സ്വീകരിച്ച നടപടി.</u>

(1) തൊഴിൽ വകുപ്പ് അന്യസംസ്ഥാന തൊഴിലാളികൾക്കായി എല്ലാ വർഷവും മെഡിക്കൽ ക്യാമ്പ്, ബോധവത്ക്കരണ ക്യാമ്പ് എന്നിവ നടത്താറുണ്ട്. ഇവർക്കായി നടത്തുന്ന ബോധവത്ക്കരണ ക്യാമ്പുകളിൽ വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ സംബന്ധിച്ചും ലഹരി ഉപോയഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും തൊഴിലാളികൾക്ക് ബോധവത്ക്കരണം നൽകാറുണ്ട്. 2024-25 വർഷത്തിൽ സംസ്ഥാനത്ത് 30 മെഡിക്കൽ ക്യാമ്പുകളും 30 ബോധവത്ക്കരണ ക്യാമ്പുകളും നടത്തിയിട്ടുണ്ട്. കൂടാതെ മലേറിയ പോലുള്ള സാംക്രമികരോഗങ്ങൾ പടരാതിരിക്കുന്നതിന് ഫാക്ടറിയും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിനും മലിനജലവും മറ്റ് പാഴ് വസ്തുക്കളും കെട്ടിക്കിടക്കാതെ യഥാവിധം ഉന്മൂലനം

ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഫാക്ടറി ഉടമകൾക്ക് കർശനനിർദ്ദേശം നൽകുകയും അവ നടപ്പിലാക്കുന്നുണ്ടെന്ന് ഇൻസ്പെക്ടർമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(2) കേരളത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ ഇൻഷുറൻസ്, തിരിച്ചറിയൽ കാർഡ് വിതരണം എന്നിവ ലക്ഷ്യമാക്കി 2017-18 സാമ്പത്തിക വർഷത്തിൽ കേരള സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ആവാസ്. 18 നും 60 നുമിടയിൽ പ്രായമുള്ള ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി വിഭാവനം ചെയ്തത് പ്രകാരം 5,16,320 അതിഥി തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ചിസ് പ്ലസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നിന്നും 25,000/- രൂപ വരെയുള്ള ചികിത്സാസഹായവും 2 ലക്ഷം രൂപ അപകട ഇൻഷുറൻസും 1 ലക്ഷം രൂപ ഡിസബിലിറ്റി ഇൻഷുറൻസും ലഭിക്കുന്നതിന് പുറമെ മെറ്റേർണിറ്റി സംബന്ധമായ ചികിത്സയ്ക്കും പദ്ധതിയിൽ അംഗമാകുന്നവർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. M/s. സ്മാർട്ട് ഐ.ടി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. 2017 നവംബർ 1-ന് ആവാസ് കാർഡ് വിതരണം ആരംഭിക്കുകയും ആഗസ്റ്റ് 2022 വരെ 5,16,320 കാർഡുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി ആപ്പ് പ്രവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാകുന്നതിനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും ടി ആപ്പിലൂടെ സാധിക്കുന്നു. 16-10-2024 തീയതി മുതൽ 400,835 തൊഴിലാളികളെ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടപടികൾ തുടർന്ന് വരികയുമാണ്. കേരളത്തിൽ എത്തുന്ന

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന വ്യവസ്ഥ നിലവിൽ ഇല്ലാത്തതിനാൽ കേരളത്തിൽ ജോലി ചെയ്യുന്ന മുഴുവൻ അതിഥി തൊഴിലാളികളുടെ കൃത്യമായ കണക്ക് ശേഖരിക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് ലേബർ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ശിപാർശ 27 (ഖണ്ഡിക 69)

പ്രായോഗിക ബുദ്ധിമുട്ടുകൾ ഫാക്ടറികളിലെ സുരക്ഷാ മാനദണ്ഡങ്ങളുടെ കൃത്യമായ പാലനത്തിന് വിഘാതമാകാനിടവരരുത്. ആയതിനാൽ ഇവ പരിഹരിക്കുന്നതിന് പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കുകയോ സാങ്കേതിക വിദഗ്ദ്ധരുടെ സേവനവും പരിശോധനയും ഉറപ്പുവരുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

സംസ്ഥാനത്തെ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചതിനാൽ ഫാക്ടറി ഇൻസ്പെക്ടർമാർ നിലവിൽ ഫാക്ടറികളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ലോക്ക്ഡൗൺ പിൻവലിച്ചപ്പോൾ ആന്ധ്രാപ്രദേശ് (വിശാഖപട്ടണം), മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലുണ്ടായ ഗുരുതരമായ അപകടങ്ങളുടെ വെളിച്ചത്തിൽ അപകടസാധ്യത കൂടിയ ഫാക്ടറികളിൽ പ്രത്യേക സുരക്ഷാമാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് സർക്കുലർ നൽകുകയും അതിൻപ്രകാരം പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധിച്ച ഉറപ്പുവരുത്തുന്നതിനായി ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

ഫാക്ടറികളിലെ സുരക്ഷാ മാനദണ്ഡങ്ങളുടെ കൃത്യമായ പരിപാലനത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി
തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യവസായശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനായി ഫാക്ടറീസ് ആക്ട് 1948, കേരള ഫാക്ടറീസ് റൂൾസ് 1957 ഉൾപ്പെടെയുള്ള നിയമങ്ങൾ ഫാക്ടറി മാനേജ്മെന്റ് നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ഫാക്ടറി ഇൻസ്പെക്ടർമാർ

യഥാസമയം ഫാക്ടറി പരിശോധിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. അപകട സാധ്യതയുള്ള ഫാക്ടറികളെ റിസ്കിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് കൃത്യമായും ഫലപ്രദമായും പരിശോധന നടത്തി തുടർ നിയമ നടപടികൾ മേൽ ഉദ്യോഗസ്ഥർക്ക് വീക്ഷിക്കാവുന്ന വിധത്തിൽ ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ Web Enabled Risk Weighted Inspection Scheme നടപ്പിലാക്കിയിരുന്നു.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യം 2030-ലെ 8-ാമത് ലക്ഷ്യമായ തൊഴിൽ അപകട രഹിത തൊഴിൽജന്യ രോഗമുക്തമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി വകുപ്പ് സീറോ ഇൻഡസ്ട്രിയൽ ആക്സിഡന്റ് ആന്റ് ഡിസീസസ് (Vision ZIAD) എന്ന വിഷന് രൂപം നൽകി. അപകടങ്ങളുടെ തോത് കുറയ്ക്കാനും അപകടങ്ങൾ ഒഴിവാക്കാനുമായി ആക്സിഡന്റ് പ്രിവൻഷൻ ത്രൂ സേഫ്റ്റി സെർവിലൻസ് (APSS) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികളോടൊപ്പം വിദ്യാർത്ഥികൾക്കും തൊഴിൽ ആരോഗ്യ, സുരക്ഷിതത്വ അവബോധ പരിശീലനം ഫാക്ടറികളിലും ക്യാമ്പസുകളിലും നേരിട്ടെത്തി സുരക്ഷാരഥം എന്ന പരിശീലന വാഹനത്തിലൂടെ നൽകുന്നുണ്ട്. 'ആസാദി കാ അമൃത് മഹോത്സവി'ന്റെ ഭാഗമായി 100 വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 3,000 വിദ്യാർത്ഥികൾക്കും 50 വ്യവസായശാലകളിലും പരിശീലന പരിപാടികൾ സുരക്ഷാരഥത്തിലൂടെ സംഘടിപ്പിച്ചു. കൂടാതെ ഫാക്ടറി തൊഴിലാളികൾ, സൂപ്പർവൈസർമാർ എന്നിവർക്കായി തൊഴിൽ ആരോഗ്യ സുരക്ഷിതത്വ അവബോധപരിശീലന പരിപാടികൾ മേഖലാ ആഫീസുകൾ മുഖാന്തിരവും സംഘടിപ്പിച്ചു. ആക്സിഡന്റ് പ്രിവൻഷൻ ത്രൂ സേഫ്റ്റി സെർവിലൻസ് (APSS) എന്ന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ പത്ത് വർഷത്തിൽ കൂടുതൽ അപകടങ്ങൾക്ക് കാരണമാകുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ഫാക്ടറികളെ കണ്ടെത്തി അവിടങ്ങളിൽ പ്രത്യേക പഠനവും ഇൻഡസ്ട്രിയൽ ഹൈജീൻ സ്റ്റഡിയും നടത്തുകയും തൊഴിലാളികൾക്കും മാനേജ്മെന്റിനും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്താകെയുള്ള വിവിധ പ്ലൈവുഡ് ഫാക്ടറികളിലെയും ക്രഷർ യൂണിറ്റുകളിലെയും തൊഴിലാളികൾക്കും മാനേജ്മെന്റ് പ്രതിനിധികൾക്കും ഈ പദ്ധതി പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനായി വിവിധ നിർമ്മാണ മേഖലകളായ ക്രഷർ, കശുവണ്ടി, കയർ, മത്സ്യസംസ്കരണം, പാക്കിംഗ്, ചുമട്ടുതൊഴിലാളികൾ, ടെക്സ്റ്റൈൽ, പ്ലൈവുഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ആരോഗ്യ വിദഗ്ദ്ധരുടെ പരിശോധന കൂടാതെ Spirometry, Blood sugar, Pap Smear examination എന്നീ പരിശോധനകൾ സൗജന്യമായി ചെയ്തു നൽകുകയും

സൗജന്യമായ മരുന്നു വിതരണവും നടത്തുകയും ചെയ്തിട്ടുണ്ട്.

ശിപാർശ 28 (ഖണ്ഡിക 70)

വകുപ്പ് നടത്തിവരുന്ന പല പരിശീലന പരിപാടികളും തൊഴിലിടങ്ങളിലെ തൊഴിൽജന്യ രോഗനിർണ്ണയ സർവ്വേ, മെഡിക്കൽ ക്യാമ്പുകൾ എന്നിവയും കോവിഡ് 19 സാഹചര്യത്തിൽ നിർത്തിവച്ചിട്ടുള്ളതായി സമിതി വീക്ഷിക്കുന്നു. ഇത്തരത്തിൽ നിർത്തിവച്ച രോഗ നിർണ്ണയ സർവ്വേ, മെഡിക്കൽ ക്യാമ്പുകൾ എന്നീ സേവനങ്ങൾ പ്രത്യേക സജ്ജീകരണങ്ങളൊരുക്കിയോ പുനരാരംഭിക്കുകയോ ടെലിമെഡിസിൻ മുഖാന്തിരം ലഭ്യമാക്കുന്നതിന്റെ സാധ്യതകൾ തേടുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

കോവിഡ് നിയന്ത്രണങ്ങൾ ഇളവ് ചെയ്യുന്നതിനാൽ വകുപ്പ് നടത്തിവന്നിരുന്ന രോഗ നിർണ്ണയ സർവ്വേയും മെഡിക്കൽ ക്യാമ്പുകളും ഫാക്ടറി തൊഴിലാളികളുടെ വൈദ്യപരിശോധനയും പുനരാരംഭിക്കുന്നതിന് ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിലെ മെഡിക്കൽ വിഭാഗം ജോയിന്റ് ഡയറക്ടർക്ക് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്കുള്ള പരിശീലന പരിപാടികൾ പുതിയതായി സ്ഥാപിച്ച ഒക്കുപ്പേഷണൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഓൺലൈനായി നടത്തുന്നതിനുള്ള നടപടികളും ടി വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനുമായി സഹകരിച്ച് കൊണ്ട് ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഫാക്ടറി ഉടമകൾ, മാനേജ്മെന്റ് പ്രതിനിധികൾ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 2020 ആഗസ്റ്റ് 6-നും 2021 ഫെബ്രുവരി 21-നും കോവിഡുമായി ബന്ധപ്പെട്ട് തൊഴിൽ സ്ഥലങ്ങളിൽ സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച വെബിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്.

ശിപാർശ 29 (ഖണ്ഡിക 75)

ലോക്ക്ഡൗൺമൂലമുണ്ടായ നഷ്ടവും, വ്യാപാര തകർച്ചയും മറികടക്കുന്നതിനും വ്യാപാര വ്യവസായ മേഖലകൾ പൂർവ്വ സ്ഥിതി പ്രാപിക്കുന്നതിനും സഹായകരമാം വിധം തൊഴിൽ നിയമങ്ങളും തൊഴിൽ നയങ്ങളും ഉദാരവത്ക്കരിക്കണമെന്നും, ഫീസുകൾ, ഫൈനുകൾ എന്നിവയിൽ താല്ക്കാലിക ഇളവുകൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

തൊഴിൽ മേഖലയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും തൊഴിലാളി-തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ച് codes on wages 2019, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്

2020, സോഷ്യൽ സെക്യൂരിറ്റി കോഡ് 2020, ഒക്കുപ്പേഷണൽ സേഫ്റ്റി ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻ കോഡ് 2020 എന്നീ നാല് കോഡുകളായി രൂപീകരിച്ചിട്ടുണ്ട്. കോഡുകളുടെ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ കേരള സർക്കാരിന്റെ അഭിപ്രായങ്ങൾ ആരായുകയും സർക്കാർ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. തുടർന്ന് കേന്ദ്ര സർക്കാർ പ്രസ്തുത കോഡുകൾക്ക് ചട്ടം രൂപീകരിക്കുവാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുകയും സംസ്ഥാന സർക്കാർ പ്രസ്തുത കരട് ചട്ടം രൂപീകരിച്ച് സമർപ്പിക്കുകയും ചെയ്തു.

ID Act 1947, Industrial Employment (Standing Order) Act, 1946, Trade Union Act 1926, Fixed term employment എന്നിവയിലെ restrictive condition ലഘൂകരിച്ച് തൊഴിൽ സൗഹൃദമാക്കിയാണ് Industrial Relation Code, Rule എന്നിവ നിർമ്മിച്ചത്. കൂടാതെ തൊഴിലിടങ്ങളിൽ നിരന്തരമായി ഇടപെടലുകൾ നടത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം (CIS) ഏർപ്പെടുത്തി പരിശോധനകൾ നടന്നുവരുന്നു.

സമിതി ആവശ്യപ്പെട്ട അധികവിവരം

ലോക്ക്ഡൗൺ മൂലമുണ്ടായ നഷ്ടവും വ്യാപാര തകർച്ചയും മറികടക്കുന്നതിനായി ഫീസുകൾ, ഫൈനുകൾ എന്നിവയിൽ താൽക്കാലിക ഇളവുകൾ ഏർപ്പെടുത്തണമെന്നതാണ് സമിതിയുടെ ശിപാർശയിലെ പ്രധാന വിഷയമായിരുന്നതെങ്കിലും ഇതു സംബന്ധിച്ച യാതൊരു പരാമർശവും നടപടി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി കണ്ടെത്തുകയും ആയതിനാൽ പ്രസ്തുത മറുപടി തൃപ്തികരമല്ലായെന്ന് വകുപ്പിനെ അറിയിക്കാനും ലോക്ക്ഡൗൺ മൂലമുണ്ടായ നഷ്ടവും വ്യാപാര തകർച്ചയും മറ്റു മറികടക്കുന്നതിനും വ്യാപാര വ്യവസായ മേഖലകൾ പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനു സഹായകരമാം വിധം തൊഴിൽ നിയമങ്ങളിലും നയങ്ങളിലും, ഫീസുകൾ, ഫൈനുകൾ എന്നിവയുടെ കാര്യത്തിലും ഇളവുകൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതിന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി
തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

കോവിഡ്-19 കാലഘട്ടത്തിൽ കോവിഡ് മഹാമാരിയെ നേരിടുന്നതിനും ജനങ്ങൾക്ക് വേണ്ട സഹായം എത്തിക്കുന്നതിനും നിരവധി കർമ്മ പരിപാടികൾ നടപ്പിലാക്കി. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് കോവിഡ്-19 കാലഘട്ടത്തിൽ അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് കൂടുതൽ ഊന്നൽ നൽകിയിരുന്നത്. ലോക്ക്ഡൗൺ കാലത്ത് അടിയന്തരമായി വ്യവസായ നിർമ്മാണ മേഖലകൾ അടച്ചതോടെ കൂടുതൽ അതിഥി

തൊഴിലാളികൾക്കും ജോലി നഷ്ടമാകുകയും ഇവരുടെ താമസവും ഭക്ഷണവും വലിയൊരു വെല്ലുവിളിയായി മാറുകയും ചെയ്തിരുന്നു. ടി തൊഴിലാളികൾക്കായി ക്യാമ്പുകൾ സജ്ജമാക്കുകയും സിവിൽ സപ്ലൈസുമായി സഹകരിച്ച് ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുകയും സ്വദേശത്തേയ്ക്ക് പോകുവാൻ തയ്യാറായ തൊഴിലാളികളെ ട്രെയിൻ മാർഗ്ഗം സ്വദേശത്തേയ്ക്ക് കയറ്റി വിടുകയും ചെയ്തു. ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ദുരന്തനിവാരണ ഫണ്ടിൽ നിന്നും വലിയ തോതിൽ സാമ്പത്തിക സഹായം നൽകുകയും ചെലവുകൾ പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. കോവിഡ് സാഹചര്യം മറികടക്കുന്നതിനായി താഴെ ചേർത്തിരിക്കുന്ന നടപടികളും തൊഴിൽ വകുപ്പ് സ്വീകരിക്കുകയുണ്ടായി.

- കോവിഡ്-19 മായി ബന്ധപ്പെട്ട നഷ്ടവും വ്യാപാര തകർച്ചയും മറികടക്കുന്നതിനായി സ്വകാര്യ മേഖലയിലെ തൊഴിലുടമ പാലിക്കേണ്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിരുന്നു (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). (അനുബന്ധം-I)
- മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം രജിസ്ട്രേഷനുള്ള കാലാവധി നീട്ടി നൽകി
- തൊഴിൽ വകുപ്പ് നടത്തി വന്നിരുന്ന സ്ഥാപന പരിശോധനകളും നിയമ നടപടികളും റവന്യൂ റിക്കവറി നടപടികളും താൽക്കാലികമായി മരവിപ്പിച്ചു.
- മേൽപ്പറഞ്ഞ രീതിയിൽ തൊഴിലുടമകളെ ബാധ്യതയിൽ നിന്ന് ഒഴിവാക്കി അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായി സർക്കാർ ഏറ്റെടുത്തു.
- പുതിയ സംരംഭങ്ങൾക്ക് തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിൽ ഇളവുകളും സാവകാശവും അനുവദിച്ചു.
- തൊഴിലാളികൾക്ക് ശമ്പളം വെട്ടിക്കുറച്ചതും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതുമായി ബന്ധപ്പെട്ട വിഷയത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ട് തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളുമായി ചർച്ചകൾ നടത്തി ഇരുകൂട്ടർക്കും സ്വീകാര്യമായ രീതിയിൽ തർക്കം പരിഹരിച്ചു.

ശിപാർശ 31 (ഖണ്ഡിക 82)

പ്രവാസികൾക്ക് ലഭിക്കേണ്ട തൊഴിൽ ആനുകൂല്യങ്ങൾ നേടിയെടുക്കാൻവേണ്ട നിയമപരമായ സംരക്ഷണം ഉറപ്പാക്കണമെന്നും നിയമവിദഗ്ദ്ധരുടെ സേവനവും നിയമസഹായവും ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എംബസികളുടെ സഹകരണത്തോടെ കണ്ടെത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

കോവിഡ്–19 സാഹചര്യത്തിൽ വിദേശത്തെ ജോലി നഷ്ടപ്പെട്ടവർക്കും മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്കും വിദേശത്തെ തൊഴിൽ ദാതാക്കളിൽ നിന്ന് അർഹമായ സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട എംബസികളുടെയും വിദേശകാര്യ മന്ത്രാലയങ്ങളുടെയും സഹകരണത്തോടെ സ്വീകരിച്ചിട്ടുണ്ട്. നോർക്ക റൂട്ട്സ് മുഖാന്തിരം നടപ്പിലാക്കുന്ന, അതാത് വിദേശരാജ്യങ്ങളിലെ മലയാളി അഭിഭാഷകരുടെ സൗജന്യ നിയമ സഹായം ലഭ്യമാക്കുന്ന പ്രവാസി ലീഗൽ എയ്ഡ് സെൽ പദ്ധതിയിലൂടെ നിയമവിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ആറ് ജി.സി.സി രാജ്യങ്ങളിലേക്കായി 11 ലീഗൽ കൺസൾട്ടന്റുമാരെ പ്രസ്തുത പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.

കോവിഡ്–19 കാലയളവിൽ ലോക കേരളസഭയുടെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ രൂപീകരിച്ച ഹെൽപ്പ് ഡെസ്ക് മുഖാന്തിരവും, വിവിധ പ്രവാസി സംഘടനകളുടെ സഹകരണത്തോടെയും പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ശിപാർശ 34 (ഖണ്ഡിക 86)

ലോക്ക്ഡൗൺ കാലയളവിൽ മടക്കയാത്രയ്ക്കായി ടിക്കറ്റ് ബുക്ക് ചെയ്ത ശേഷം യാത്ര റദ്ദാക്കിയിട്ടുള്ള പ്രവാസികൾക്ക് പല വിമാന കമ്പനികളും തുക തിരികെ നൽകുന്നതായും പണം നൽകിയിട്ടും യഥാസമയം ടിക്കറ്റ് ലഭ്യമാക്കാതെയും ട്രാവൽ ഏജന്റുമാർ പ്രവാസികളെ ചൂഷണം ചെയ്യുന്നതായും പരാതികളുണ്ട്. ഇത്തരം ചൂഷണങ്ങൾ തടയുന്നതിന് വേണ്ട നിയമ നടപടികൾ സ്വീകരിക്കുന്നതിനും പ്രവാസികൾക്ക് നിയമ സംരക്ഷണം നൽകുന്നതിനും ഏവിയേഷൻ മന്ത്രാലയവുമായി ബന്ധപ്പെട്ട് സത്വര നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

ഇത്തരത്തിലുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട അവസരങ്ങളിലെല്ലാം തന്നെ കേന്ദ്ര വ്യോമയാന/വിദേശ കാര്യ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിനാവശ്യമായ സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ 35 (ഖണ്ഡിക 88)

സാന്ത്വന പദ്ധതി പ്രകാരം ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി കോവിഡിന്റെ പശ്ചാത്തലത്തിൽ നിലവിലെ 1.5 ലക്ഷം രൂപയിൽ നിന്നും

2.5 ലക്ഷം രൂപയായി ഉയർത്തുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

വിദേശജീവിതം അവസാനിപ്പിച്ചെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും, അവരുടെ കുടുംബങ്ങൾക്കും അടിയന്തിര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള ധനസഹായപദ്ധതിയാണ് സാന്ത്വന. 2021–ലാണ് പ്രസ്തുത പദ്ധതിയുടെ വാർഷിക വരുമാന പരിധി ഒരു ലക്ഷത്തിൽ നിന്നും ഒന്നര ലക്ഷം രൂപയായി ഉയർത്തിയത്.

സംസ്ഥാനം അഭിമുഖീകരിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സാന്ത്വന പദ്ധതിക്കായി അപേക്ഷിക്കാനുള്ള വരുമാന പരിധി 2.5 ലക്ഷം രൂപയായി ഉയർത്തണമെന്ന സമിതിയുടെ ശിപാർശ ഇപ്പോൾ നടപ്പിലാക്കുവാൻ നിർവ്വാഹമില്ല. ഇളവ് അനുവദിക്കുന്ന പക്ഷം അപേക്ഷകരുടെ എണ്ണം ഒരുപാട് വർദ്ധിക്കുമെന്നതിനാൽ നിലവിലുള്ള അർഹത മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകർക്ക് പോലും ധനസഹായം നിഷേധിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകും. മാത്രമല്ല, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉൾപ്പെടെയുള്ള എല്ലാ ജനവിഭാഗങ്ങൾക്കും ബാധകമായ സമാശ്വാസ പദ്ധതികളിലൂടെ ഇത്തരത്തിലുള്ള അപേക്ഷകർക്ക് സർക്കാർ സഹായം ഉറപ്പുവരുത്തുവാനും സാധിക്കും.

ശിപാർശ 37 (ഖണ്ഡിക 90)

ഉയർന്നുവരുന്ന പ്രവാസികളുടെ എണ്ണത്തിനും വർദ്ധിച്ചുവരുന്ന പ്രവാസി പ്രശ്നങ്ങൾക്കും അനുസൃതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും, വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും, നിലവിലെ ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമാണോ എന്ന് പരിശോധിക്കുമെന്നും ആവശ്യമെങ്കിൽ നിയമന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

കേരളീയ പ്രവാസികാര്യവകുപ്പ് പ്രവർത്തനമാരംഭിച്ച സമയത്തെ അപേക്ഷിച്ച് പ്രവാസികളുടെ എണ്ണത്തിലും പ്രശ്നങ്ങളിലും ഉണ്ടായ വർദ്ധനവിനനുസൃതമായി വകുപ്പിലെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല എന്നത് വസ്തുതയാണെങ്കിലും, വകുപ്പിലെയും അനുബന്ധ കാര്യാലയങ്ങളിലെയും പരിമിതമായ എണ്ണം ജീവനക്കാരുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തന ഫലമായി വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിലും പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിലും വകുപ്പിന് സാധിക്കുന്നുണ്ട്.

കേരളീയ പ്രവാസികാര്യവകുപ്പിന്റെ ഭരണ നിർവ്വഹണത്തിൻ കീഴിലുള്ള നോർക്ക-റൂട്ട്സ് സെന്ററുകൾ, പ്രവാസി മലയാളികൾ കൂടുതൽ താമസിക്കുന്ന മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ആരംഭിച്ചിട്ടുള്ള നോർക്ക സെല്ലുകൾ, മുംബൈ, ന്യൂഡെൽഹി എന്നിവിടങ്ങളിലുള്ള എൻ.ആർ.കെ ഡെവലപ്മെന്റ് ഓഫീസുകൾ, ബാംഗ്ലൂർ, ഹൈദരാബാദ്, ചെന്നൈ, ബറോഡ എന്നിവിടങ്ങളിലെ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ എന്നിവ മുഖാന്തിരം പ്രവാസി പ്രശ്നങ്ങൾക്ക് യഥാസമയം പ്രതിവിധി കണ്ടെത്തുന്നുണ്ട്. ഈ കാര്യാലയങ്ങളിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അതാത് സംസ്ഥാനങ്ങളിലെ മലയാളി സാന്നിധ്യമുള്ള മിക്കവാറും സ്ഥലങ്ങളിൽ അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി സന്ദർശനം നടത്തുകയും സർക്കാർ നടപ്പിലാക്കുന്ന പ്രവാസിക്ഷേമ പദ്ധതികൾ പ്രവാസി സമൂഹത്തിന് അങ്ങേയറ്റം പ്രയോജനപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്.

ശിപാർശ 38 (ഖണ്ഡിക 94)

സംസ്ഥാനത്തെ വാണിജ്യ വ്യവസായ പ്രക്രിയകൾ പൂർണ്ണ തോതിൽ പുന:സ്ഥാപിക്കാൻ ഇനിയും കാലതാമസം നേരിടുമെന്നതിനാലും, പല കച്ചവടങ്ങളും നഷ്ടത്തിൽ തന്നെ തുടരുന്നുവെന്നതിനാലും, ആംനസ്റ്റി പദ്ധതിയുടെ ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള കാലാവധി 6 മാസം നീട്ടി നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നികുതി (ഡി) വകുപ്പ്

കോവിഡ് 2019 മഹാമാരി സംസ്ഥാനത്തെ വിവിധ മേഖലകളിൽ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധികൾ കാരണം കുടിശ്ശിക യഥാസമയം പൂർണ്ണമായി അടച്ചു തീർക്കുവാൻ കഴിയാത്തവർക്ക് പിഴയും പലിശയും പൂർണ്ണമായി ഒഴിവാക്കിയും മുതലിന്റെ 40%/30% പൂർണ്ണമായും ഒഴിവാക്കിയും 2021 ൽ ആംനസ്റ്റി പദ്ധതി അവതരിപ്പിച്ചു. ടി പദ്ധതിയിൽ അപേക്ഷ നൽകുന്നതിന് 2021 നവംബർ 30 വരെ സമയം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ 39 (ഖണ്ഡിക 95)

തീയറ്ററുകൾ, ആഡിറ്റോറിയങ്ങൾ, ടൂറിസം അനുബന്ധ വ്യവസായങ്ങൾ, ഇവന്റ് മാനേജ്മെന്റ് മേഖലകൾ തുടങ്ങി ലോക്ക്ഡൗൺ നിയന്ത്രണത്താൽ നഷ്ടത്തിലായതും എന്നാൽ ഇനിയും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ മേഖലകളെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും, പ്രത്യേക നികുതി ഇളവുകൾ നൽകുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നികുതി (ഡി) വകുപ്പ്

തീയറ്ററുകൾ, ആഡിറ്റോറിയങ്ങൾ, ടൂറിസം അനുബന്ധ വ്യവസായങ്ങൾ ഇവന്റ് മാനേജ്മെന്റ് മേഖലകൾ എന്നിവർ നൽകുന്ന സേവനത്തിന്മേൽ ചരക്കുസേവന നികുതി ബാധകമാണ്. ചരക്കുസേവന നികുതി നിരക്കിൽ ഇളവുകൾ അനുവദിക്കുന്നതിന് ചരക്കുസേവന നികുതി കൗൺസിലിന്റെ ശുപാർശയോടെ മാത്രമേ കഴിയുകയുള്ളൂ. അപ്രകാരം ഇളവുകൾ നൽകണമെന്നുണ്ടെങ്കിൽ ബഹു. ധനകാര്യമന്ത്രി മുഖേന ചരക്കുസേവന നികുതി കൗൺസിലിൽ ശുപാർശ സമർപ്പിക്കേണ്ടതുണ്ട്.

ശിപാർശ 40 (ഖണ്ഡിക 96)

വ്യാപാര മേഖലയിലുണ്ടായ നഷ്ടവും വരുമാനക്കുറവും മറികടക്കുന്നതിനായി വ്യാപാര കേന്ദ്രങ്ങൾ ഉത്പന്നങ്ങൾക്ക് കൃത്രിമ വിലവർദ്ധന സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ കൃത്യമായ മുൻകരുതലുകളും പരിശോധനാ മാർഗ്ഗങ്ങളും സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നികുതി (ഡി) വകുപ്പ്

വില സംബന്ധിച്ചുള്ള കാര്യങ്ങൾ ഈ വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

ശിപാർശ 41 (ഖണ്ഡിക 98)

സംസ്ഥാനത്തെ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ ഏക ഓഫീസ് തിരുവനന്തപുരത്തായതിനാലും പൊതുഗതാഗത സംവിധാനത്തിന്റെ കുറവും സന്ദർശകരുടെ എണ്ണം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് പ്രസ്തുത സമയ പരിധി 3 മാസം കൂടി നീട്ടി നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നികുതി (ഡി) വകുപ്പ്

2019-20 സാമ്പത്തിക വർഷം വ്യാപാരി ക്ഷേമനിധി അംഗത്വം പുതുക്കലിൽ വൻ ഇടിവുണ്ടായെങ്കിലും 2020 ഡിസംബർ 31 വരെ അംഗത്വം പുതുക്കാൻ അംഗങ്ങൾക്ക് അവസരം നൽകിയിരുന്നു. സംസ്ഥാനത്തെ വ്യാപാരി ക്ഷേമ ബോർഡിന്റെ ഏക ഓഫീസ് തിരുവനന്തപുരത്തായതിനാലും പൊതുഗതാഗത സംവിധാനത്തിന്റെ കുറവും സന്ദർശകരുടെ എണ്ണം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് പ്രസ്തുത സമയപരിധി 3 മാസം കൂടി നീട്ടി നൽകണമെന്ന സമിതിയുടെ ശുപാർശ നടപ്പിലാക്കി. അപ്രകാരം ക്ഷേമനിധി അംഗങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തെ അംഗത്വം പുതുക്കൽ 2021 – മാർച്ച് 31 വരെ നീട്ടി നൽകി.

ശിപാർശ 42 (ഖണ്ഡിക 99)

ബോർഡിന്റെ പരമാവധി സേവനങ്ങളും പരാതി പരിഹാര നിർദ്ദേശങ്ങളും നടപടികളും ഓൺലൈൻ മുഖേനയും അക്ഷയ കേന്ദ്രങ്ങളിലൂടെയും മറ്റും ലഭ്യമാക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
നികുതി (ഡി) വകുപ്പ്

ബോർഡിന്റെ പരമാവധി സേവനങ്ങളും, പരാതി പരിഹാര നിർദ്ദേശങ്ങളും നടപടികളും ഓൺലൈൻ മുഖേനയും അക്ഷയ കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കുന്നതിന്റെ സാധുത പരിശോധിക്കാനുള്ള ശുപാർശ, വ്യാപാരി ക്ഷേമ ബോർഡ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്. നിലവിൽ അംഗത്വ ഫീസ്/വരിസംഖ്യ തുടങ്ങിയ ഫീസ് സമാഹരിക്കുന്നത് മാത്രമാണ് ഓൺലൈൻ ക്രമീകരണത്തിൽ വരാത്തത്. സേവനങ്ങളും, ആനുകൂല്യ വിതരണവും പൂർണമായും ഓൺലൈൻ സംവിധാനത്തിലാണ്.

03.02.2021-ന് ശേഷം വ്യാപാരി ക്ഷേമ ബോർഡ് യോഗം കോവിഡ് ലോക്ക് ഡൗൺ മൂലം ചേർന്നിട്ടില്ല. അടുത്ത വ്യാപാരി ക്ഷേമ ബോർഡ് യോഗത്തിൽ അക്ഷയ കേന്ദ്രങ്ങളിലൂടെയും, ഓൺലൈൻ മുഖേനയും വ്യാപാരി ക്ഷേമ ബോർഡ് സേവനങ്ങളും പരാതി പരിഹാര നിർദ്ദേശങ്ങളും, നടപടികളും ലഭ്യമാക്കുന്ന കാര്യം ചർച്ച ചെയ്ത് ബോർഡ് യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ 43 (ഖണ്ഡിക 100)

ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലമുണ്ടായ വ്യാപാര നഷ്ടം മറികടക്കുന്നതിനും, നശിച്ചുപോയ ചരക്കുകളും മറ്റും മാറ്റി പുതിയ സ്റ്റോക്ക് എത്തിക്കുന്നതിനും വേണ്ട ധനസഹായമെന്ന നിലയിൽ മൈക്രോ ലോണുകൾ ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാര സ്ഥാപനങ്ങളെ അടച്ചുപൂട്ടലിൽ നിന്നും കരകയറ്റുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
നികുതി (ഡി) വകുപ്പ്

ലോക്ക്ഡൗൺ നിയന്ത്രണങ്ങൾമൂലമുണ്ടായ വ്യാപാര നഷ്ടം മറികടക്കുന്നതിനും, നശിച്ചു പോയ ചരക്കുകളും മറ്റും മാറ്റി പുതിയ സ്റ്റോക്ക് എത്തിക്കുന്നതിനും ധനസഹായമെന്ന നിലയിൽ മൈക്രോലോണുകൾ ലഭ്യമാക്കുന്നതിനും ചെറുകിട വ്യാപാര സ്ഥാപനങ്ങളെ അടച്ചുപൂട്ടലിൽ നിന്നും കരകയറ്റുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിക്കണമെന്നുള്ള സമിതി ശുപാർശ അടുത്ത വ്യാപാരി ക്ഷേമ ബോർഡ് യോഗത്തിൽ അവതരിപ്പിച്ച് ബോർഡ് യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ മൈക്രോലോൺ

പോലുള്ള പദ്ധതികൾ വ്യാപാരി ക്ഷേമ നിധിയിൽ ഇല്ല.

2020/21 സാമ്പത്തിക വർഷത്തിൽ കോവിഡ് ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ മൂലം കടകൾ അടച്ചിടേണ്ടിവന്ന വ്യാപാരികളെ സഹായിക്കുവാൻ വ്യാപാരി ക്ഷേമ ബോർഡ് വഴി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽ നിന്നോ പെൻഷനോ മറ്റ സാമ്പത്തിക സഹായമോ വാങ്ങാത്ത അംഗങ്ങൾക്ക് 1000 രൂപ ധനസഹായം.
2. കേരളത്തിലെ എല്ലാ വാടക കെട്ടിട ഉടമകളോടും ഒരു മാസത്തെ കെട്ടിട വാടക ഒഴിവാക്കി കൊടുക്കുവാൻ അഭ്യർത്ഥന അച്ചടിച്ച് വിതരണം ചെയ്തു.
3. വൈദ്യുതി ഫിക്സഡ് ചാർജ്ജ് കേരളത്തിലെ വ്യാപാരികൾക്ക് രണ്ടുമാസം ഒഴിവാക്കി നൽകുവാൻ കേരള വൈദ്യുതി ബോർഡ് ചെയർമാനോട് അഭ്യർത്ഥിച്ചു നടപടി സ്വീകരിക്കുകയുണ്ടായി.
4. 2018 – ലെ മഹാപ്രളയത്തിൽ നാശനഷ്ടം നേരിട്ട മുഴുവൻ വ്യാപാരികൾക്കും 5000 രൂപ ധനസഹായം വീതം 10800 വ്യാപാരികൾക്ക് 5.4 കോടി രൂപ വിതരണം ചെയ്തു.

ശിപാർശ 44 (ഖണ്ഡിക 102)

കോവിഡ് പ്രതിരോധാർത്ഥം സംസ്ഥാനത്ത് ഹാന്റ് സാനിറ്റൈസറുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി നിർമ്മാണ ഏജൻസികൾക്ക് സ്പിരിറ്റ് അനുവദിക്കുന്ന നടപടി വകുപ്പ് ഊർജ്ജിതപ്പെടുത്തി. വ്യാജ സാനിറ്റൈസർ നിർമ്മാണ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും, ഇത്തരം നിർമ്മാണ വിതരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
നികുതി (എഫ്) വകുപ്പ്

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വളരെ ഉയർന്ന അളവിൽ സാനിറ്റൈസർ നിർമ്മാണം ആവശ്യമായ സാഹചര്യത്തിൽ ആരോഗ്യവകുപ്പിനും സർക്കാർ അംഗീകൃത സാനിറ്റൈസർ നിർമ്മാണ ഏജൻസികൾക്കും ആവശ്യാനുസരണം സ്പിരിറ്റ് ലഭ്യമാക്കിയിരുന്നു. ടി കാലയളവിൽ സാനിറ്റൈസർ നിർമ്മാണത്തിനായി നിബന്ധനകൾ പാലിച്ച് R S 1 ലൈസൻസുകൾ അനുവദിച്ചിരുന്നു.

സംസ്ഥാനത്ത് വ്യാജ സാനിറ്റൈസർ നിർമ്മാണം സംബന്ധിച്ച് രഹസ്യാന്വേഷണ വിഭാഗവും എൻഫോഴ്സ്മെന്റ് വിഭാഗവും ഫലപ്രദമായ അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതും

കേസുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്. വ്യാജ സാനിറ്റൈസർ നിർമ്മാണം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ മഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ 1710 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിരുന്നു. ഇരിങ്ങാലക്കുട എക്സൈസ് റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ അനധികൃത സാനിറ്റൈസർ നിർമ്മാണവുമായി ബന്ധപ്പെട്ട് 12 ലിറ്റർ സ്പിരിറ്റും 85 ലിറ്റർ സാനിറ്റൈസറും പിടിച്ചെടുത്തിരുന്നു. പ്രതികൾക്കെതിരെയുള്ള നിയമനടപടികൾ നടന്നുവരുന്നു. കൂടുതൽ അന്വേഷണങ്ങൾ സംസ്ഥാന വ്യാപകമായി നടന്നുവരുന്നു.

സംസ്ഥാനത്ത് സാനിറ്റൈസർ നിർമ്മാണം നിയമാനുസരണമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാനിറ്റൈസർ നിർമ്മാണ കേന്ദ്രങ്ങളിൽ ആകസ്മിക പരിശോധനകൾ നടത്തുകയും അവയുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആയതിലേക്ക് എല്ലാ ഡിവിഷനുകളിലും മോണിറ്ററിംഗ് സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുള്ളതും എല്ലാ ചെക്ക്പോസ്റ്റുകളിലും എല്ലാ വിഭാഗത്തിലുമുള്ള വാഹനങ്ങളുടെ പരിശോധനയും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു നടത്തിവരുന്നതുമാണ്.

നികുതി (ജി) വകുപ്പ്

സംസ്ഥാനത്ത് സാനിറ്റൈസർ നിർമ്മിക്കുന്നതിലേക്കായി സ്ഥാപനങ്ങൾക്ക് RS 1 ലൈസൻസ് അനുവദിച്ചു നൽകുന്നുണ്ട്. കണ്ടുകെട്ടിയ സ്പിരിറ്റും പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡിൽ നിന്നുള്ള സ്പിരിറ്റുമാണ് മേൽ സ്ഥാപനങ്ങൾക്കും സർക്കാർ ഹോസ്പിറ്റലുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സാനിറ്റൈസർ നിർമ്മാണത്തിനായി അനുവദിച്ചു നൽകുന്നത്. നിലവിൽ ലൈസൻസില്ലാതെ സാനിറ്റൈസർ നിർമ്മാണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാനിറ്റൈസർ നിർമ്മാണ കേന്ദ്രങ്ങൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി സ്ഥാപന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും ലൈസൻസ് ഉള്ള സ്ഥാപനങ്ങൾ നിരീക്ഷിച്ചു സ്പിരിറ്റ് ദുരുപയോഗം ചെയ്യുന്നില്ലെന്നു ഉറപ്പു വരുത്തുന്നതിനും എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ശിപാർശ 45 (ഖണ്ഡിക 103)

കോവിഡ് പ്രതിരോധത്തിനായി സാനിറ്റൈസർ വ്യാപകമായി ഉപയോഗിക്കുന്നു വെന്നതിനാൽ സംസ്ഥാനത്ത് സാനിറ്റൈസർ നിർമ്മാണം നിയമാനുസൃതമാം വിധമാണ് നടക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും, സ്പിരിറ്റിന്റെ അനധികൃത ഉപയോഗവും ദുരുപയോഗവും തടയുന്നതിനും, പ്രത്യേക മോണിറ്ററിംഗ് സംവിധാനവും ചെക്ക്പോസ്റ്റുകളിൽ ഊർജ്ജിത പരിശോധനയും ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സർക്കാർ സ്വീകരിച്ച നടപടി
നികുതി (എഫ്) വകുപ്പ്

കോവിഡ്– 19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വളരെ ഉയർന്ന അളവിൽ സാനിറ്റൈസർ നിർമ്മാണം ആവശ്യമായ സാഹചര്യത്തിൽ ആരോഗ്യവകുപ്പിനും സർക്കാർ അംഗീകൃത സാനിറ്റൈസർ നിർമ്മാണ ഏജൻസികൾക്കും ആവശ്യാനുസരണം സ്പിരിറ്റ് ലഭ്യമാക്കിയിരുന്നു. ടി കാലയളവിൽ സാനിറ്റൈസർ നിർമ്മാണത്തിനായി നിബന്ധനകൾ പാലിച്ച് R S 1 ലൈസൻസുകൾ അനുവദിച്ചിരുന്നു.

സംസ്ഥാനത്ത് വ്യാജ സാനിറ്റൈസർ നിർമ്മാണം സംബന്ധിച്ച് രഹസ്യാന്വേഷണ വിഭാഗവും എൻഫോഴ്സ്മെന്റ് വിഭാഗവും ഫലപ്രദമായ അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതും കേസുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്. വ്യാജ സാനിറ്റൈസർ നിർമ്മാണം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ മഞ്ചേരി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ 1710 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തിരുന്നു. ഇരിങ്ങാലക്കുട എക്സൈസ് റേഞ്ചിലെ പ്രിവന്റീവ് ഓഫീസർ അനധികൃത സാനിറ്റൈസർ നിർമ്മാണവുമായി ബന്ധപ്പെട്ട് 12 ലിറ്റർ സ്പിരിറ്റും 85 ലിറ്റർ സാനിറ്റൈസറും പിടിച്ചെടുത്തിരുന്നു. പ്രതികൾക്കെതിരെയുള്ള നിയമനടപടികൾ നടന്നുവരുന്നു. കൂടുതൽ അന്വേഷണങ്ങൾ സംസ്ഥാന വ്യാപകമായി നടന്നുവരുന്നു.

സംസ്ഥാനത്ത് സാനിറ്റൈസർ നിർമ്മാണം നിയമാനുസരണമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാനിറ്റൈസർ നിർമ്മാണ കേന്ദ്രങ്ങളിൽ ആകസ്മിക പരിശോധനകൾ നടത്തുകയും അവയുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ആയതിലേക്ക് എല്ലാ ഡിവിഷനുകളിലും മോണിറ്ററിംഗ് സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുള്ളതും

എല്ലാ ചെക്ക്പോസ്റ്റുകളിലും എല്ലാ വിഭാഗത്തിലുമുള്ള വാഹനങ്ങളുടെ പരിശോധനയും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു നടത്തിവരുന്നതുമാണ്.

നികുതി (ജി) വകുപ്പ്

സാനിറ്റൈസർ നിർമ്മിക്കുന്ന സർക്കാർ സ്ഥാപനങ്ങൾക്കും RS 1 ലൈസൻസ് ഉള്ള സ്ഥാപനങ്ങൾക്കുമാണ് സ്പിരിറ്റ് അനുവദിച്ചു നൽകുന്നത്. ഇപ്രകാരം നൽകുന്ന സ്പിരിറ്റ് ദുരുപയോഗം ചെയ്യുന്നില്ലെന്നു ഉറപ്പു വരുത്തുന്നതിനായി ഇത്തരം സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുന്നതിനും കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെയും ഇംപോർട്ട് പെർമിറ്റിന്റെയും അടിസ്ഥാനത്തിലാണ് മറ്റു സംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് കേരളത്തിലേക്ക് കൊണ്ടുവരുന്നത്. ഇത്തരത്തിൽ അല്ലാതെ അനധികൃതമായി സ്പിരിറ്റ് കടത്തുന്നത് തടയുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധനകൾ ഊർജ്ജിതമാക്കി അനധികൃത സ്പിരിറ്റ് കടത്ത് തടയുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

ശിപാർശ 46 (ഖണ്ഡിക 105)

ലോക്ക്ഡൗൺ മുഖാന്തരം പ്രതിസന്ധിയിലായ ഭാഗ്യക്കുറി മേഖലയ്ക്ക് ഉണർവേകുന്നതിനായി ജനശ്രദ്ധ ആകർഷിക്കുന്നതിന് മികച്ച മാധ്യമ പ്രചാരണം നടത്തണമെന്നും, ടിക്കറ്റ് വിലയിൽ കുറവ് വരുത്തി സമ്മാനങ്ങളുടെ എണ്ണം, ഘടന എന്നിവയിൽ വർദ്ധനവ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

നികുതി (എച്ച്) വകുപ്പ്

വിറ്റുവരവിന്റെ 1 % തുകയാണ് വിവിധ മാധ്യമങ്ങൾ മുഖാന്തിരം പരസ്യ പ്രചാരണത്തിന് നിലവിൽ ഉപയോഗിച്ചു വരുന്നത്. ടി.വി. ചാനലുകൾ, എഫ്.എം.റേഡിയോ ചാനലുകൾ, ദിനപത്രങ്ങൾ, വെബ് പോർട്ടലുകൾ, വിവിധ മാസികകൾ, പിരിയോഡിക്കൽസ്, തീയേറ്റർ പരസ്യങ്ങൾ, റെയിൽവേ ജിംഗിൾസ്, സ്പോൺസർഷിപ്പ് പരസ്യങ്ങൾ എന്നിവ നൽകി വരുന്നുണ്ട്. ഭാവിയിൽ പരസ്യ പ്രചരണങ്ങൾക്ക് നവമാധ്യമങ്ങളെ കൂടി ഉൾപ്പെടുത്തുന്നതും പരിഗണിച്ചു വരുന്നുണ്ട് എന്ന വിവരവും ബഹു. സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നു.

കേന്ദ്ര ജി.എസ്.ടി. കൗൺസിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ നികുതി ഏകീകരിച്ചതിനെ

തുടർന്നാണ് പ്രതിവാര ടിക്കറ്റുകളുടെ പരമാവധി വിൽപ്പന വില 40/- രൂപയാക്കി ഉയർത്തിയത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളും ക്ഷേമനിധി ബോർഡ് മെമ്പർമാരും പങ്കെടുത്ത യോഗത്തിലെ തീരുമാനപ്രകാരമായിരുന്നു ഇപ്രകാരം വില വർദ്ധിപ്പിച്ചത്.

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 100 രൂപ സമ്മാനങ്ങളിലൊഴികെ ഏജന്റ് പ്രൈസ് 12%വും 100 രൂപയ്ക്ക് 20% ആക്കി മാറ്റിയും ഏജന്റുമാർക്ക് നൽകുന്ന കമ്മീഷൻ ഓരോ സ്ലാബിലും 0.5% വീതം വർദ്ധിപ്പിച്ചുകൊണ്ടും സമ്മാനങ്ങളുടെ ആകെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയും സമ്മാനയിനത്തിൽ ഏകദേശം 60% വരെ വർദ്ധനവ് വരുത്തിയും വളരെ ആകർഷകമായ വിധത്തിൽ സമ്മാനഘടന 15.03.2021 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. നിലവിലെ സമ്മാനഘടന പ്രകാരം ടിക്കറ്റുകളുടെ വില കുറയ്ക്കുക എന്നത് പ്രായോഗികമല്ല.

അദ്ധ്യായം III

മറുപടി ലഭിക്കേണ്ട ശിപാർശകളും അധിക വിവരങ്ങളും

ശിപാർശ 4 (ഖണ്ഡിക 21)

മികച്ചതും ആധുനികവുമായ പരിശോധനാ സംവിധാനങ്ങളോടു കൂടിയ കൂടുതൽ ലാബുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും നിലവിലെ സർക്കാർ ലാബുകളിലെ പരിശോധനാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്

സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം മികച്ച ലബോറട്ടറി സംവിധാനം ഏർപ്പെടുത്തുകയും ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുകയും ചെയ്യുക വഴി പ്രാഥമിക തലത്തിൽ തന്നെ കൂടുതൽ പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തി. റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ നിലവിലില്ലാത്ത ജില്ലകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികളും ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. നിലവിലുള്ള സർക്കാർ ലാബുകളിലും കൂടുതൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും ജീവനക്കാരെയും നിയമിച്ചും മെച്ചപ്പെട്ട പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2026-ഓടെ എല്ലാ ജില്ലകളിലും ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് സജ്ജമാക്കാനും, നിലവിലെ പബ്ലിക് ഹെൽത്ത് ലാബുകൾ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിന്യസിച്ചിരുന്ന ലാബ് ടെക്നീഷ്യൻമാർ, ഡോക്ടർമാർ എന്നിവരുൾപ്പെടെയുള്ള ജീവനക്കാരെ തിരികെ നിയമിക്കാത്തതു മൂലം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അഭാവമുണ്ടെന്ന് അഭിപ്രായപ്പെടുകയും കോവിഡ് പ്രതിരോധത്തിന് നിയോഗിച്ചിരുന്ന വിവിധ വിഭാഗം ജീവനക്കാരിൽ എത്ര പേരെ തിരികെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിച്ചിട്ടുണ്ടെന്നും എല്ലാവരും തിരിച്ചെത്തിയിട്ടുണ്ടോ എന്നതും സംബന്ധിച്ച വിശദാംശം ആരായുന്നതിനും ഇവരെ നിർബന്ധമായും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ തിരികെ നിയമിക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. കൂടാതെ, എല്ലാ ജില്ലകളിലും സംയോജിത പബ്ലിക് ഹെൽത്ത് ലാബുകൾ സജ്ജമാക്കുവാനും നിലവിലുള്ള പബ്ലിക് ഹെൽത്ത് ലാബുകൾ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാനും വകുപ്പിനോട് ആവശ്യപ്പെടുന്നതിനും നിർദ്ദേശിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി

ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്

കോവിഡ് നിയന്ത്രണ പ്രവർത്തനത്തിനായി അധിക സ്റ്റാഫിനെ എൻ.എച്ച്.എം മുഖേന നിയമിക്കുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, കോവിഡ് ജാഗ്രത സൈറ്റ് വഴി ലഭ്യമായ അപേക്ഷകളിൽ നിന്നും ജില്ലാ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കി യോഗ്യതകൾ പരിശോധിച്ച്, വിവിധ മെഡിക്കൽ, പാരാ മെഡിക്കൽ തസ്തികകളിൽ 'കോവിഡ് ബ്രിഗേഡ്' എന്ന പേരിൽ കോവിഡ് നിയന്ത്രണ പ്രവർത്തനത്തിനായി അധിക ജീവനക്കാരെ നിയമിച്ചിരുന്നു.

കോവിഡ് ബ്രിഗേഡ് എന്ന പേരിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്കായി നൽകിയ അധിക സ്റ്റാഫിന്റെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു

തസ്തിക	നിയമിച്ച അധിക സ്റ്റാഫിന്റെ എണ്ണം
മെഡിക്കൽ ഓഫീസർ	1674
ഡെന്റൽ സർജൻ	302
സ്റ്റാഫ് നഴ്സ്	6209
ഫാർമസിസ്റ്റ്	559
ലാബ് ടെക്നീഷ്യൻ	757
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	1739

ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ്	492
ഡാറ്റ എൻട്രി ഓപ്പറേറ്റർ	1172
ക്ലീനിംഗ് സ്റ്റാഫ്	4107
മറ്റുള്ളവർ	2499
ആകെ	**19510**

കോവിഡ് ബ്രിഗേഡ് ജീവനക്കാരെ താൽക്കാലികമായി നിയമിക്കുകയും അവരുടെ വേതനം എൻ.എച്ച്.എം. വഴി വിതരണം ചെയ്യുകയുമാണ് ചെയ്തിരുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനം കുറഞ്ഞതോടെ കോവിഡ് കേസുകളുടെ എണ്ണത്തിലുണ്ടായ കുറവ് കണക്കിലെടുത്ത്, കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് മാത്രമായി നിയോഗിച്ച എല്ലാ താൽക്കാലിക ജീവനക്കാരെയും 2022 മാർച്ച് 31 ന് പിരിച്ചുവിട്ടിരുന്നു. കോവിഡ് ബ്രിഗേഡ് വഴി നിയമിച്ച ആരും തന്നെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന ജോലിയിൽ തുടരുന്നില്ല.

സമിതി ആവശ്യപ്പെട്ട അധിക വിവരം

താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

1. കോവിഡ് കാലഘട്ടത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചതിലൂടെ എത്ര രൂപ ചെലവായി; എത്ര രൂപയ്ക്കുള്ള കോവിഡ് അനുബന്ധ ഉപകരണങ്ങൾ, ഭക്ഷ്യക്കിറ്റുകൾ, പി.പി.ഇ. കിറ്റുകൾ എന്നിവ വാങ്ങി; ഇവയുടെ പർച്ചേസിന്റെയും വിതരണത്തിന്റെയും വിശദ വിവരങ്ങൾ, ടെൻഡർ മുഖേനയും അല്ലാതെയും നടത്തിയ പർച്ചേസുകൾക്ക് ചെലവായ തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുക.

2. എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് കോവിഡ് കാലത്ത് എത്ര രൂപ അനുവദിച്ചു; പ്രസ്തുത ഫണ്ട് എന്തെല്ലാം കാര്യങ്ങൾക്കായി വിനിയോഗിച്ചു; എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കോവിഡ് സെന്ററുകൾ നിർമ്മിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ആയതിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുക.

ശിപാർശ 11 (ഖണ്ഡിക 32)

സുഭിക്ഷ കേരളം പദ്ധതിയിൽ കുടുംബശ്രീ യൂണിറ്റുകളുടെ സമഗ്ര പങ്കാളിത്തം

ഉറപ്പാക്കണമെന്നും, കുടുംബശ്രീകൾക്ക് കീഴിൽ തദ്ദേശ കാർഷിക യൂണിറ്റുകൾ രൂപീകരിക്കണമെന്നും, കൃഷിഭവനുകളുടെ പങ്കാളിത്തത്തോടെ വിളകൾ തെരഞ്ഞെടുത്ത് ആസൂത്രിതമായ കാർഷിക മാതൃകകൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ(ഐ എ) വകുപ്പ്

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൂടുതൽ കൃഷി സംഘങ്ങൾ രൂപീകരിക്കുക, തരിശ് ഭൂമി കൃഷി യോഗ്യമാക്കുക, ഭക്ഷ്യ സ്വയം പര്യാപ്തത ഉറപ്പുവരുത്തുക, ജൈവ കൃഷി സമൂഹത്തിൽ വ്യാപിപ്പിക്കുക, കാർഷിക സംരംഭങ്ങളിലൂടെ വനിതകൾക്ക് മെച്ചപ്പെട്ട അവസരം ഒരുക്കുക എന്നിവ ലക്ഷ്യം വെച്ചുകൊണ്ടാണ് കുടുംബശ്രീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ജില്ലകളിൽ ക്യാമ്പയിൻ സംഘടിപ്പിക്കുകയും അതിൽ 21213 സംഘകൃഷി (87609 അംഗങ്ങൾ) ഗ്രൂപ്പുകൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ പുതിയതായി 4481 (16867 അംഗങ്ങൾ) സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനരഹിതമായിരുന്ന 1575 സംഘകൃഷി ഗ്രൂപ്പുകളെ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2130.21 ഹെക്ടർ കൃഷി ഭൂമി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 1787.49 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ കൃഷി സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീയുടെ കീഴിൽ പുതിയ 631 (1657 അംഗങ്ങൾ) കാർഷിക സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. 2714 (7658 അംഗങ്ങൾ) മൃഗസംരക്ഷണ മേഖലാ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. വാല്യൂചെയിൻ ഇന്റർവെൻഷന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ 6 (12 അംഗങ്ങൾ) സംരംഭങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

സമിതി ശിപാർശയ്ക്ക് അനുയോജ്യമല്ലാത്ത മറുപടിയായതിനാൽ വ്യക്തമായ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും കൃഷി ഭവന്റെ പങ്കാളിത്തത്തോടെയാണോ സംഘകൃഷി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ളത് എന്ന വിവരം ആരായുന്നതിന് തീരുമാനിച്ചു.

ശിപാർശ 19 (ഖണ്ഡിക 52)

ലോക്ക്ഡൗൺ പോലെയുള്ള അവസരങ്ങളിൽ ചരക്കു നീക്കത്തിലും ഉത്പാദനത്തിലും ദേശീയ തലത്തിൽ ഉണ്ടാകുന്ന കുറവ് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ ദൗർലഭ്യം സൃഷ്ടിച്ചേക്കാം. ഇതൊഴിവാക്കുന്നതിനായി ഉത്പാദന മേഖലയിൽ സംസ്ഥാനം സ്വയം പര്യാപ്തത

കൈവരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണ പ്രക്രിയയിൽ ഉത്പാദന മേഖലയിൽ ഊന്നിയുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
തദ്ദേശസ്വയംഭരണ(ഡി എ) വകുപ്പ്

കോവിഡ്- 19 മഹാമാരിയുടെ ഭാഗമായി ഏർപ്പെടുത്തിയിരുന്ന ലോക്ഡൗണിനെ തുടർന്നുണ്ടായ സാമ്പത്തിക തകർച്ചയിൽ നിന്നും സാമ്പത്തിക വളർച്ചയുടെ പാതയിലേയ്ക്ക് കേരളത്തെ തിരിച്ചുകൊണ്ടു വരുന്നതിനായി കാർഷിക അനുബന്ധ മേഖലയെ പ്രത്യേകിച്ചും ഭക്ഷ്യോത്പാദന മേഖലയുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് സ.ഉ (കൈ) നം. 14/2020-ആസാവ 18.05.2020 നമ്പർ ഉത്തരവു പ്രകാരം സുഭിക്ഷകേരളം എന്ന പദ്ധതി (ഭക്ഷ്യോത്പാദനത്തിനുള്ള മഹായജ്ഞം) സർക്കാർ നടപ്പിലാക്കിയിരുന്നു. ഭക്ഷ്യോത്പാദന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുവാനും അതുവഴി വരുമാനവും സംരംഭങ്ങളും തൊഴിൽ സൃഷ്ടിയും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതുപോലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങളിൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉയർന്ന പരിഗണന നൽകണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുകയെന്നതാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യങ്ങളിൽ പ്രധാനം. പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയുമാണ് ഇതിന് അനുബന്ധമായ മറ്റ് ലക്ഷ്യങ്ങൾ. വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ)നം. 84/2022-തസ്വഭവ തീയതി 19.04.2022, സ.ഉ(കൈ)നം. 86/2022- തസ്വഭവ തീയതി 19.04.2022, സ.ഉ. (കൈ) നം. 115/2022-തസ്വഭവ തീയതി 28.05.2022 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഈ മാർഗ്ഗരേഖകൾ പ്രകാരം നിരവധി നിർദ്ദേശങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം, വ്യവസായം എന്നീ

മേഖലകളിലെ ഉൽപാദനവും ഉൽപ്പാദന ക്ഷമതയും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ വർദ്ധിപ്പിക്കുക.

2. ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഊർജ്ജം, ഗതാഗതം. മറ്റ് സേവനങ്ങൾ എന്നീ മേഖലകളിൽ വർദ്ധിച്ചതോതിലുള്ള വളർച്ച ഉറപ്പാക്കുക.

3. മേൽപ്പറഞ്ഞ മേഖലകളിലെ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി നവീനമായ ആശയങ്ങളുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

4. മേൽപ്പറഞ്ഞ മേഖലകളിലെ പൊതു-സ്വകാര്യ മൂലധന നിക്ഷേപം പരമാവധി വർദ്ധിപ്പിക്കുക.

5. എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഇതിനായി ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും സൗകര്യമൊരുക്കുക.

6. കോവിഡ് മുഖാന്തിരം ആവിർഭവിച്ചിട്ടുള്ള പുതിയ തൊഴിൽ സാഹചര്യങ്ങൾ മുൻനിർത്തി വിദൂരത്തുള്ള തൊഴിലുകൾ ഡിജിറ്റലായി ചെയ്യുന്ന ആശയം പ്രോത്സാഹിപ്പിക്കുകയും അത്തരം തൊഴിലുകൾ കരസ്ഥമാക്കുന്നതിന് വർക്ക് നിയർ ഹോം പോലെയുള്ള സാദ്ധ്യതകൾ ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. വിവിധ വികസന മേഖലകളിലെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സംരംഭകത്വ വികസനത്തിനും പ്രോത്സാഹനം നൽകുന്നതിനാവശ്യമായ ഭരണപരമായ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ആവിഷ്കരിക്കുക.

8. കാർഷിക, മൃഗസംരക്ഷണ, മത്സ്യ, ക്ഷീര മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റു സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കണം. ഇതിനായി ശാസ്ത്രീയമാർഗ്ഗങ്ങളും ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിക്കണം. സർവ്വകലാശാലകൾ, ശാസ്ത്ര-സാങ്കേതിക/ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ ശാസ്ത്രസാങ്കേതിക വിദ്യകളെ ഉപയോഗപ്പെടുത്തണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉല്പാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും കഴിയണം. കടൽ-ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം. ഈ

ലക്ഷ്യങ്ങൾ മുൻ നിർത്തി 2020 ൽ പ്രഖ്യാപിക്കുകയും വിജയം കൈവരിക്കുകയും ചെയ്തു. സുഭീക്ഷകേരളം പദ്ധതി കൂടുതൽ മികവോടെ നടപ്പാക്കണം.

9. ഉൽപാദകരുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് കാർഷികോല്പന്നങ്ങളുടെ മൂല്യ ശൃംഖല (value chain) വികസിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളിലധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകണം.

10. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിന വേണ്ട നൈപുണ്യ വികസന പരിശീലനം വ്യാപകമായി നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകണം. സംരംഭകത്വവുമായി ബന്ധപ്പെടുത്തി സംസ്ഥാനതലത്തിൽ നടപ്പാക്കുന്ന നൈപുണീ വികസന പരിപാടികളുമായി പൂർണ്ണമായി സഹകരിക്കണം. തൊഴിൽ നൈപുണ്യ പരിശീലനം, തൊഴിലവസരങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ എന്നിവയിൽ വനിതകൾക്കും ദുർബല വിഭാഗങ്ങൾക്കും പ്രാമുഖ്യം നൽകണം.

ഇവയ്ക്ക് ഉതകുന്ന തരത്തിൽ ഏറ്റെടുക്കാവുന്ന വിവിധ പ്രോജക്ടുകളുടെ വിശദാംശങ്ങളും മേൽ സർക്കാർ ഉത്തരവുകൾ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങളിൽ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ നൽകിയത് കൂടാതെ ആയത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

ശിപാർശ 22 (ഖണ്ഡിക 57)

കോവിഡ് പോലെയുള്ള അപ്രതീക്ഷിത ആഘാതങ്ങളിലും സംസ്ഥാനത്തെ വകുപ്പുകളുടെ പ്രവർത്തനം തടസ്സം കൂടാതെ സാധ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രധാന വകുപ്പുകളുടെ ജില്ലാതല ഓഫീസുകളിൽ വീഡിയോ കോൺഫറൻസിംഗ് അടക്കമുള്ള വിവരസാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (സി) വകുപ്പ്

മുഖ്യമന്ത്രിയുടെ ഓഫീസ്, മന്ത്രിമാരുടെ ഓഫീസുകൾ, ചീഫ് സെക്രട്ടറി, വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ, സുപ്രധാന വകുപ്പുകളിലെ മറ്റ് പ്രധാന ഓഫീസർമാർ എന്നിവരുടെ ഇടയിൽ കാര്യക്ഷമവും വേഗത്തിലുമുള്ള ആശയവിനിമയം സാധ്യമാക്കുന്നതിനായി വീഡിയോ കോൺഫറൻസിംഗ് സജ്ജീകരണം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ വിവിധ നിലകളിലെ ഭരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സർക്കാർ തീരുമാനങ്ങളും നിർദ്ദേശങ്ങളും എത്രയും വേഗം താഴെ തട്ടിൽ എത്തിക്കുക എന്നുള്ളതുമാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

ജില്ലാ ഭരണത്തിന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന സമാനമായ ആവശ്യങ്ങൾ പരിഗണിച്ചു കൊണ്ട് എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഉന്നത നിലവാരത്തിലുള്ള വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങൾ ഐ.ടി. മിഷന്റെ നേതൃത്വത്തിൽ പൂർണ്ണമായി സജ്ജമാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി ജില്ലാ കളക്ടർമാർക്കും മറ്റ് അധികാരികൾക്കും ഉയർന്ന ഉദ്യോഗസ്ഥരുമായി നേരിട്ട് ആശയവിനിമയം നടത്താൻ സാധിക്കുന്നുണ്ട്.

വിവിധ വകുപ്പുകൾക്ക് ദൈനംദിന കാര്യങ്ങൾക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സജ്ജീകരണങ്ങൾ ലഭ്യമാക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഐ.ടി. മിഷൻ സാങ്കേതിക സഹായം നൽകുന്നുണ്ട്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ദുരന്തങ്ങൾ നേരിടുന്ന അവസരങ്ങളിൽ വകുപ്പുകളുടെ പ്രവർത്തനം തടസ്സം കൂടാതെ സാധ്യമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി സാധിക്കുന്നുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

കേരളം, കോവിഡിന്റെ ആഘാതം താരതമ്യേന കുറഞ്ഞ സംസ്ഥാനമായിരുന്നിട്ടും കേരള സമൂഹത്തിൽ കോവിഡാനന്തരമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും, കോവിഡ് വൈറസിന് മ്യൂട്ടേഷൻ സംഭവിച്ചതിന്റെ ഭാഗമായി വൈറസ് ബാധയും, നിർത്താതെയുള്ള ചുമയും ജനങ്ങളിൽ വ്യാപകമായി

കണ്ടുവരുന്നുണ്ടെന്നും, പ്രകടമായ ആരോഗ്യപ്രശ്നങ്ങൾ ഒന്നും തന്നെയില്ലാത്തവർ കുഴഞ്ഞുവീണ് മരിക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നത് ആശങ്കയുളവാക്കുന്നതാണെന്ന് നിരീക്ഷിച്ച സമിതി, സാമ്പത്തിക ആരോഗ്യ മേഖലകളിൽ കോവിഡാനന്തരമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനായി സർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ശിപാർശ 30 (ഖണ്ഡിക 78)

ലോക്ഡൗൺ അവസാനിച്ചതിനാൽ സ്വദേശത്തേക്ക് പോയ അതിഥി തൊഴിലാളികൾ സംസ്ഥാനത്തേക്ക് തിരികെ വന്നുതുടങ്ങിയിരിക്കുന്നു. ഭാവിയിലുണ്ടായേക്കാവുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലെന്നവണ്ണം, തിരികെയെത്തുന്നതും സംസ്ഥാനത്ത് നിലവിലുള്ളതുമായ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, തൊഴിൽ മേഖലയെ അടിസ്ഥാനമാക്കി തൊഴിൽ കാർഡ് നിർബന്ധമാക്കുന്നതിനും, ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിനും ആയതിന്റെ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്രോഡീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി (ഇടക്കാല റിപ്പോർട്ട്)
തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

" സംസ്ഥാനത്തേക്ക് തിരികെ വരുന്ന അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷാ സൗകര്യങ്ങളും ക്വാറന്റൈൻ സൗകര്യങ്ങൾ നൽകുന്നതിനുമായി ഒരു മൊബൈൽ ആപ്ലിക്കേഷൻ (അതിഥി ആപ്പ്) വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. Inter State Migrant Workers Welfare Registration Kerala, Ordinance 2020 പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി ലേബർ കമ്മീഷണർ സമർപ്പിച്ചതിനെ തുടർന്ന് അതിഥി തൊഴിലാളികൾക്ക് നൽകാൻ കഴിയുന്ന ഇൻഷുറൻസ് പരിരക്ഷ, ആരോഗ്യ ആനുകൂല്യങ്ങൾ, ക്ഷേമപദ്ധതികൾ എല്ലാം ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് വെൽഫെയർ രജിസ്ട്രേഷൻ കേരള ഓർഡിനൻസിന്റെ ഭാഗമാക്കി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ രജിസ്ട്രേഷൻ നിർബന്ധമാക്കുന്ന വിധം ഭേദഗതി വരുത്തി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി അടിയന്തരമായി ലഭ്യമാക്കുവാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി ഓർഡിനൻസ് നിയമപരമായി

നടപ്പിലാക്കുമ്പോൾ അതിഥി തൊഴിലാളികളുടെ പൂർണ്ണമായ രജിസ്ട്രേഷൻ പ്രാവർത്തികമാകും. അതിഥി ആപ്പിന്റെ പോർട്ടലിലൂടെ സംസ്ഥാനത്തേയ്ക്ക് കടിയേറുന്നതിന് മുമ്പുതന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിനും സാധിക്കുന്നതാണ്. വെബ് പോർട്ടലിന്റെയും മൊബൈൽ ആപ്ലിക്കേഷന്റെയും വികസനം NIC മുഖാന്തിരം നടന്നു വരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിന് "ആവാസ്" ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡ് വിതരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടാണ് ടി പദ്ധതി ആരംഭിച്ചിട്ടുള്ളത്. നാളിതുവരെ 5,09,451 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്."

സമിതി ആവശ്യപ്പെട്ട അധികവിവരം

"ആവാസ് ഇൻഷ്വറൻസ് പദ്ധതി"യിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം 509451 എന്നത് വളരെ കുറവാണെന്ന് വിലയിരുത്തുകയും പ്രസ്തുത എണ്ണത്തിൽ കുറവുവന്നതിന്റെ കാരണവും അന്തിമ മറുപടിയും വകുപ്പിനോട് ആരായുന്നതിന് തീരുമാനിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി
തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സംസ്ഥാനത്ത് ജോലിക്കായി എത്തുന്ന വിവിധ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണത്തിനായി അതിഥി പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലേക്ക് തൊഴിലിനായി വരുന്ന അതിഥി തൊഴിലാളികൾക്ക് അവരുടെ യാത്ര സ്വന്തം സംസ്ഥാനത്തുനിന്ന് ആരംഭിക്കുന്നതിനു മുൻപ് തന്നെ ഓൺലൈൻ മുഖേന രജിസ്റ്റർ ചെയ്യുന്നതിനും, കേരളത്തിൽ എത്തുന്ന മുറയ്ക്ക് അതിഥി തൊഴിലാളികൾക്കായി സംസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന ബയോമെട്രിക് വിവരങ്ങൾ നൽകിക്കൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും സർക്കാർ അതിഥി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും ടി പോർട്ടലിലൂടെ കഴിയുന്നു. കോവിഡ് പോലുള്ള പകർച്ചവ്യാധികളോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടാകുന്ന ഘട്ടത്തിൽ

അതിഥി തൊഴിലാളികൾക്ക് വിവരങ്ങളും നിർദ്ദേശങ്ങളും ലൈവ് ആയി നൽകിക്കൊണ്ട് അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. അതിഥി പോർട്ടൽ 02/07/2022-ൽ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ടി പോർട്ടലിലൂടെ അതിഥി തൊഴിലാളികൾക്കും തൊഴിലുടമകൾക്കും കോൺട്രാക്ടർമാർക്കും തൊഴിലാളികളുടെ വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്. നിലവിൽ 2,607 തൊഴിലാളികൾ അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആവാസ് പദ്ധതി പ്രകാരം, സംസ്ഥാനത്ത് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ആണ് രജിസ്റ്റർ ചെയ്യുന്നതും പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്യുന്നത്. എന്നാൽ അതിഥി പോർട്ടലിൽ തൊഴിലാളികൾക്ക് സംസ്ഥാനത്തു എത്തുന്നതിനു മുൻപേ ഓൺലൈൻ ആയി അവരുടെ തൊഴിൽ വൈദഗ്ധ്യം, തൊഴിൽ പരിചയം എന്നീ വിശദമായ വിവരങ്ങളോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിലൂടെ ഒരു തൊഴിലുടമയ്ക്ക് തന്റെ ആവശ്യത്തിനനുസരിച്ചുള്ള തൊഴിലാളികളെ തെരഞ്ഞെടുക്കുവാനുള്ള അവസരം ലഭിക്കുന്നു. കൂടാതെ തൊഴിലാളിയ്ക്ക് തന്റെ ജോലിയുടെ അഭിരുചി അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുവാനും സാധിക്കുന്നു. അതിഥി പോർട്ടലിലൂടെ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളെ അവരുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ചുകൊണ്ട് ആവാസ് പോർട്ടലിലേയ്ക്ക് ആഡ് ചെയ്യാവുന്നതാണ്.

കേരളത്തിൽ ജോലി തേടി എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഒരു തൊഴിലുടമയുടെ കീഴിലാണ് ജോലി ചെയ്യുന്നതെങ്കിൽ ബന്ധപ്പെട്ട തൊഴിലുടമ തൊഴിൽ കാർഡ് നൽകേണ്ടതും ആയതിന്റെ ചെലവ് തൊഴിലുടമ വഹിക്കേണ്ടതുമാണ്. പ്രത്യേക തൊഴിലുടമ ഇല്ലാത്ത തൊഴിലാളികൾക്ക് ആവാസ് രജിസ്ട്രേഷൻ കാർഡ് തൊഴിൽ കാർഡായി ഉപയോഗിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രാദേശിക വിവരങ്ങൾ ഉപയോഗിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങൾ, താമസിക്കുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തുവാനും ഇതിൽ ഏതെങ്കിലും തൊഴിലാളികൾ മേൽപ്പറഞ്ഞ മൊബൈൽ പോർട്ടലിലോ ആവാസ് പദ്ധതിയിലോ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് കണ്ടെത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

അതിഥി പോർട്ടലിൽ നിലവിൽ 2607 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന റിപ്പോർട്ടിലെ പരാമർശം വസ്തുതാവിരുദ്ധമാണെന്ന് വിലയിരുത്തുകയും, അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കൃത്യമായ വിവരം ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാനും കൂടാതെ, അതിഥി തൊഴിലാളികളുടെ വിവര ശേഖരണത്തിനായി അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം കോൺട്രാക്ടർമാർ കേരളത്തിലേക്ക് കൊണ്ടുവരുന്ന അതിഥി തൊഴിലാളികളെക്കുറിച്ചുള്ള വിവരവും തൊഴിലാളി കോൺട്രാക്ടറുടെ അടുത്തുനിന്നും മാറിപ്പോവുകയാണെങ്കിൽ പ്രസ്തുത വിവരവും അതത് പോലീസ് സ്റ്റേഷനിൽ അറിയിക്കണമെന്നും അല്ലാത്തപക്ഷം തൊഴിലാളികൾ ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയാണെങ്കിൽ നിലവിലുള്ള കോൺട്രാക്ടറെ കുറ്റക്കാരനായി കണക്കാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സർക്കാർ ലഭ്യമാക്കിയ മറുപടി
തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.

2017 നവംബർ 1 മുതലാണ് തൊഴിൽ വകുപ്പിന് കീഴിൽ ആവാസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും നടത്തി വന്നിരുന്നത്. കൊൽക്കത്ത ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്മാർട്ട് ഐ.റ്റി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്കാണ് കരാർ നല്കിയത്. ടി പദ്ധതി പ്രകാരം അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ ഓൺലൈൻ സോഫ്റ്റ്വെയർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. അതിഥി തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്ന സ്ഥലങ്ങളും, ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളും കേന്ദ്രീകരിച്ചാണ് എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ച് വന്നിരുന്നത്. ഇത്തരത്തിൽ ഒരു കേന്ദ്രീകൃത പ്രദേശത്തു നിന്നും മറ്റൊരിടത്തേക്ക് എൻറോൾമെന്റ് ആവശ്യങ്ങൾക്കായി അത്യാധുനിക ഉപകരണങ്ങൾ കൊണ്ടുപോകുമ്പോൾ ഉപകരണങ്ങൾക്ക് കാര്യമായ തകരാറുകൾ സംഭവിക്കുന്നതും, എൻറോൾമെന്റ് ആവശ്യങ്ങൾക്കായുള്ള കണക്റ്റിവിറ്റി പലപ്പോഴും വിവിധയിടങ്ങളിൽ

ലഭ്യമല്ലാത്ത സാഹചര്യങ്ങളിലും, തൊഴിലാളികൾ ഉണ്ടായിട്ടും എൻറോൾമെന്റ് നടത്തുവാൻ കഴിയാത്ത സ്ഥിതി നിലനിന്നിരുന്നുവെങ്കിലും പരമാവധി തൊഴിലാളികളെ ആവാസ് പദ്ധതിയിൽ എൻറോൾ ചെയ്യിക്കുന്നതിന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

ഇതിനുപുറമേ 2020 വർഷത്തിന്റെ ആരംഭഘട്ടത്തിൽ കോവിഡ് മഹാമാരിയുടെ വ്യാപനം രൂക്ഷമായതോടെ എൻറോൾമെന്റ് പ്രവർത്തനങ്ങൾ തടസ്സപ്പെടുകയും, അതിഥി തൊഴിലാളികൾ തൊഴിലിടങ്ങളിൽ നിന്നും അവരുടെ സ്വദേശത്തേയ്ക്ക് മടങ്ങുവാൻ നിർബന്ധിതരാവുകയും ഇത്തരത്തിൽ സ്വദേശത്തേയ്ക്ക് മടങ്ങുവാൻ തല്പരരായ അതിഥി തൊഴിലാളികളെ തൊഴിൽ വകുപ്പും, ജില്ലാ അഡ്മിനിസ്ട്രേഷനും, പോലീസ് വകുപ്പും, റെയിൽവേയും ചേർന്ന് സ്പെഷ്യൽ ശ്രമിക് ട്രെയിനുകളിൽ അവരുടെ സ്വദേശത്തേയ്ക്ക് എത്തിക്കുവാനുള്ള സൗകര്യം ഒരുക്കിയിരുന്നു. ആയതിൽ 216 സ്പെഷ്യൽ ട്രെയിനുകളിലായി 3,07,138 തൊഴിലാളികൾ മാത്രമാണ് തിരികെ പോയത്. ഇത്തരത്തിൽ സൗകര്യം ഒരുക്കിയിട്ടും തിരികെ നാട്ടിൽ പോകാതിരുന്ന കുറച്ച് തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയാലും ആവാസ് എൻറോൾമെന്റ് പ്രകാരം എൻറോൾ ചെയ്തിട്ടുള്ള 5 ലക്ഷം എന്ന കണക്ക് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതാണ്.

കൂടാതെ, ഹ്രസ്വകാലയളവിൽ കേരളത്തിൽ തൊഴിലിനായി എത്തുകയും തിരികെ സ്വദേശത്തേയ്ക്ക് പോകുകയും ചെയ്യുന്ന തൊഴിലാളികളുമുണ്ട്. ഇപ്രകാരം സ്റ്റാറ്റേർഡ് വിഭാഗക്കാരായ (സ്ഥിരമായി ഒരിടത്ത് തൊഴിലിലേർപ്പെടാത്തവരും) തൊഴിലാളികളും, ഹ്രസ്വകാല തൊഴിലന്വേഷകരും പലപ്പോഴും എൻറോൾമെന്റ് പ്രവർത്തനങ്ങളിൽ ഭാഗമാകുന്നില്ല. ആയതിനാൽ 31.08.2022 വരെയുള്ള രജിസ്ട്രേഷൻ ആയ 5,16,320 എന്നത് കേരളത്തിലുള്ള, രജിസ്റ്റർ ചെയ്യിക്കാൻ കഴിയുന്ന പരമാവധി അതിഥി തൊഴിലാളികളുടെ എണ്ണമാണെന്ന് കണക്കാക്കാവുന്നതാണ്.

മേൽ സാഹചര്യങ്ങൾക്ക് പുറമേ തൊഴിൽ വകുപ്പുമായി കരാറിലേർപ്പെട്ട 'സ്മാർട്ട് ഐ.റ്റി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്' കമ്പനിയുടെ കരാർ കാലാവധി 31.08.2022-ൽ അവസാനിക്കുകയും, 24.03.2023 തീയതിയിലെ സ.ഉ (സാധാ) നമ്പർ. 379/2023/തൊഴിൽ പ്രകാരം ആവാസ് എൻറോൾമെന്റ് നടപടികൾ ചിയാക്കിനെ ഏൽപ്പിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ, അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുമ്പുതന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നു. 08/02/2024 തീയതി വരെ 1,15,523 അതിഥി തൊഴിലാളികളെ ടി പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സമിതി ആവശ്യപ്പെട്ട അധികവിവരം

സംസ്ഥാനത്തെത്തുന്ന അതിഥി തൊഴിലാളികളെ സംബന്ധിച്ച പൂർണ്ണമായ കണക്ക് ലഭ്യമാക്കുന്നതിനും മുഴുവൻ അതിഥി തൊഴിലാളികളെയും രജിസ്റ്റർ ചെയ്യുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി

അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. അതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിന് മുമ്പ് തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. 07.08.2023 തീയതി മുതൽ സംസ്ഥാന വ്യാപകമായി അതിഥി പോർട്ടൽ മുഖേന രജിസ്ട്രേഷൻ നടന്നുവരികയും ടി രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി 20.08.2025 തീയതി വരെ 413337 അതിഥി തൊഴിലാളികളെ ടി പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2024 ഒക്ടോബർ മുതൽ പോർട്ടൽ അതിഥി മൊബൈൽ ആപ്ലിക്കേഷൻ ആയി മാറ്റുകയും ചെയ്തിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പുതിയ ആപ്ലിക്കേഷൻ വഴി പുതുക്കുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 03.09.2024-ൽ ചേർന്ന യോഗ തീരുമാനപ്രകാരം തൊഴിലും നൈപുണ്യവും, ആഭ്യന്തരം, തദ്ദേശസ്വയംഭരണം, ആസൂത്രണസാമ്പത്തികകാര്യം എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷന് ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി Interstate Migrant

Workers Ordinance പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുവാനും അതിഥി തൊഴിലാളികൾക്കായി ഏകീകൃത പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ രൂപീകരിക്കുവാനും തീരുമാനമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 12.02.2025 തീയതിയിൽ വിവിധ വകുപ്പുകളുമായി യോഗം ചേരുകയും ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പോർട്ടൽ രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടറുമായി ചർച്ച ചെയ്ത് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അനുമതി കൂടി വാങ്ങി ഇൻഫർമേഷൻ കേരള മിഷനെ കൊണ്ട് ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പോർട്ടൽ ചെയ്യിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാനും തീരുമാനമായിരുന്നു. തുടർന്ന് 04.04.2025 തീയതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഓൺലൈനായി യോഗം ചേരുകയും ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പോർട്ടൽ സംബന്ധിച്ച വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലല്ലാത്തതിനാൽ ഇൻഫർമേഷൻ കേരള മിഷനുമായി കൂടിയാലോചിച്ച് പോർട്ടൽ വികസിപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ IKM പ്രതിനിധികളുമായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ ചർച്ച ക്രമീകരിക്കുകയും ഏകീകൃത പോർട്ടൽ രൂപീകരിക്കുന്നതിനായി വിവിധ വകുപ്പുകളുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ISM ഓർഡിനൻസിന്റെ പ്രസക്ത ഭാഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഷെയർ ചെയ്ത് നിർദ്ദേശങ്ങൾ ലഭ്യമാക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകൾക്ക് ഓർഡിനൻസിന്റെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. തുടർ നടപടികളുടെ ഭാഗമായി ഓർഡിനൻസ്, യൂണിഫിക്കേഷൻ പോർട്ടൽ, നിലവിലുള്ള ഡാറ്റാബേസ് ഇന്റഗ്രേഷൻ എന്നിവ സംബന്ധിച്ച് വിവിധ വകുപ്പുകളുടെ ഒരു സംയുക്ത യോഗം 05.08.2025 തീയതിയിൽ വിളിച്ചു ചേർക്കുകയും പോർട്ടലിൽ അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ facilities welfare measures ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ടും ഓരോ വകുപ്പിലും ടി

ആവശ്യത്തിലേയ്ക്കായി ഒരു നോഡൽ ഓഫീസറെ നിയമിച്ച് ഉത്തരവാക്കി ഒരാഴ്ചകം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ അറിയിക്കുവാനും തീരുമാനമായിരുന്നു. അപ്രകാരം വകുപ്പുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാക്കി ഏകീകൃത പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സമിതി ആവശ്യപ്പെട്ട അധിക വിവരം

പോർട്ടൽ രൂപീകരണം അനന്തമായി വൈകുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അടിയന്തരമായി പോർട്ടൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അന്യ സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ എണ്ണം സംബന്ധിച്ച വിവരം അടിയന്തരമായി അറിയിക്കണമെന്ന് വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

ശിപാർശ 32 (ഖണ്ഡിക 84)

പ്രവാസി മലയാളികൾക്ക് അവരുടെ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള ശമ്പള കുടിശ്ശിക ഉൾപ്പെടെ അർഹമായ സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും മരണപ്പെട്ട പ്രവാസികളുടെ പാസ്പോർട്ടും മറ്റ് രേഖകളും കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതത് രാജ്യങ്ങളുടെ എംബസികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനും അവ മോണിറ്റർ ചെയ്യുന്നതിനും നോർക്ക വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുന്നതു പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

പ്രവാസി മലയാളികൾക്ക് അവരുടെ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുവാനുള്ള അർഹമായ സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും മരണപ്പെട്ട പ്രവാസികളുടെ പാസ്പോർട്ടും മറ്റ് രേഖകളും കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതത് രാജ്യങ്ങളുടെ എംബസികളുമായി ബന്ധപ്പെട്ട് ഫലപ്രദമായ സേവനം നോർക്ക വകുപ്പ് നൽകിവരുന്നു. ചിട്ടയായ follow up വകുപ്പ് നടത്തുന്നുണ്ട്. ബന്ധപ്പെട്ട വിദേശ എംബസ്സി/ കോൺസുലേറ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സൗകര്യത്തിനായി മലയാളി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. പരിമിതമായ എണ്ണം ജീവനക്കാർ മാത്രമാണ് വകുപ്പിൽ ഉള്ളതെങ്കിലും ഇത്തരത്തിലുള്ള പരാതികൾക്ക് മുൻഗണന നൽകി മോണിറ്റർ ചെയ്യുന്നതിന് നോർക്ക വകുപ്പ്

സവിശേഷ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

സമിതി ആവശ്യപ്പെട്ട അധിക വിവരം

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നോർക്ക വകുപ്പിൽ ഒരു പ്രത്യേക 'സെൽ' രൂപീകരിക്കുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും സമിതിക്ക് ലഭിച്ച നടപടി റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് യാതൊരു പരാമർശവുമില്ലാത്തതിനാൽ പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ വ്യക്തമായ റിപ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

സർക്കാർ ലഭ്യമാക്കിയ മറുപടി
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

പ്രവാസി മലയാളികൾക്ക് അവരുടെ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുവാനുള്ള അർഹമായ സേവനാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും മരണപ്പെട്ട പ്രവാസികളുടെ പാസ്പോർട്ടും മറ്റ് രേഖകളും കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതത് രാജ്യങ്ങളുടെ എംബസികളുമായി ബന്ധപ്പെട്ട് ഫലപ്രദമായ സേവനം നോർക്ക വകുപ്പ് നൽകിവരുന്നുണ്ടെന്നും ചിട്ടയായ follow up വകുപ്പ് നടത്തുന്നുണ്ടെന്നും സമിതി മുമ്പാകെ അറിയിച്ചിരുന്നു.

ബന്ധപ്പെട്ട വിദേശ എംബസ്സി/ കോൺസുലേറ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ സൗകര്യത്തിനായി മലയാളി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. പരിമിതമായ എണ്ണം ജീവനക്കാർ മാത്രമാണ് വകുപ്പിൽ ഉള്ളതെങ്കിലും ഇത്തരത്തിലുള്ള പരാതികൾക്ക് മുൻഗണന നൽകി മോണിറ്റർ ചെയ്യുന്നതിന് നോർക്ക വകുപ്പ് സവിശേഷ ശ്രദ്ധ പതിപ്പിക്കുന്നു എന്ന വിവരവും സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത്തരത്തിൽ ചിട്ടയായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന സംവിധാനം വഴി നോർക്ക വകുപ്പിൽ ഫലപ്രദമായ സേവനം നിലവിൽ നൽകിവരുന്നുണ്ട്. ആയതിനാൽ ഇതിനായി പ്രത്യേക സെൽ രൂപീകരിക്കേണ്ടത് അനിവാര്യമായി സർക്കാർ കരുതുന്നില്ല. ജീവനക്കാരുടെ പരിമിതി മൂലം മേൽ നിർദ്ദേശം പ്രായോഗികമല്ല എന്ന് കൂടി സമിതി മുമ്പാകെ അറിയിക്കുന്നു.

ശിപാർശ 33 (ഖണ്ഡിക 85)

കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസി തൊഴിലാളികളുടെ വരുമാനം നഷ്ടപ്പെട്ട കുടുംബാംഗങ്ങളെ നാട്ടിലെത്തിക്കുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും വേണ്ട സത്വര നടപടി

വകുപ്പ് കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി
കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

